# പഞ്ചായത്ത്‌രാജ്

പുസ്തകം 56 ◆ ലക്കം 1


പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2016




## 'നമ്മുടെ പഞ്ചായത്ത്
## ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം
## നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

ഏപ്രിൽ 2016


# ഉള്ളടക്കം


5 **എഡിറ്ററുടെ പേജ്**

6 **ഋതുഭേദമില്ലാത്ത സംഗീതം**
ഡോ. എം.കെ. മുനീർ

8 **പൂക്കാതിരിക്കാനെനിക്കാവതില്ല...**
രാജേഷ് കുറുപ്പ്



11 **ഗ്രാമസ്വരാജ് പൗരശാക്തീകരണം ആശയവും സമീപനവും**
എ. സെയ്ദ്



15 **കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ – സർക്കുലർ**

18 **അധികാര വികേന്ദ്രീകരണത്തിന്റെ ഇരുപത് വർഷങ്ങൾ നേട്ടങ്ങൾ, പരിമിതികൾ, പരിഹാരങ്ങൾ**
കെ. സിദ്ദീഖ്



23 **ഗ്രാമ-നഗര സഹകരണ സാദ്ധ്യതകൾ ജൈവകൃഷിയിൽ**
ഹരീഷ്.എൻ.കുന്നത്ത്



26 **'അബി എന്ന ഹബീബ് റഹ്മാൻ' കഥാസമാഹാരം പ്രകാശനം ചെയ്തു**

27 **എന്റെ ഗ്രാമം – കവിത**
മോഹനൻ കാനാട്

28 **സൂക്ഷിക്കുക! മിന്നുന്നതെല്ലാം പൊന്നല്ല**
പി.വി. രമേഷ്



30 **ഗ്രാമോദയ് സെ ഭാരത് ഉദയ് അഭിയാൻ ഏപ്രിൽ 14 മുതൽ 24 വരെ**

32 **വരവായ് പുത്തൻ മിത്ര നിമകൾ**
അഭിലാഷ് കരിമുളയ്ക്കൽ



35 **"അധികാരങ്ങളും, ഉത്തരവാദിത്വങ്ങളും ഉള്ള സ്വയംഭരണ ഘടകങ്ങളായി ദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറണം."**

38 **വീട്ടുമുറ്റത്ത് നീന്തൽകുളം ഒരുക്കി ആയിരങ്ങളെ നീന്തൽ പരിശീലിപ്പിച്ച്**
ബേബി വർഗീസ്

# ദേശീയ പഞ്ചായത്ത് രാജ് ദിനാഘോഷം

ഇത്തവണത്തെ ദേശീയ പഞ്ചായത്ത് രാജ് ദിനാഘോഷം വിവിധ പരിപാടികളോടെ ആഘോഷിക്കുവാൻ തീരുമാനിച്ചു. സാധാരണ ഏപ്രിൽ 24-ാം തീയതിയിൽ മാത്രമായി നടക്കുന്ന ആഘോഷം ഈ വർഷം ഏപ്രിൽ 14 മുതൽ 24 വരെ നീണ്ടുനിൽക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഏപ്രിൽ 14 ന് ആരംഭിക്കുന്ന ആഘോഷപരിപാടികൾ 24 ന് രാജ്യമൊട്ടാകെ നടക്കുന്ന സ്പെഷ്യൽ ഗ്രാമ സഭകളോടു കൂടി അവസാനിക്കും.


ഏപ്രിൽ 24ന് നടക്കേണ്ട ഗ്രാമസഭകളുടെ അജൻഡകൾ എന്തായിരിക്കണം എന്നും അതിന് വേണ്ട ക്രമീകരണങ്ങൾ എങ്ങനെ വേണം എന്നത് സംബന്ധിച്ചുള്ള വിശദമായ കത്ത് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് ലഭിച്ചു കഴിഞ്ഞു.

"ഗ്രാമോദയ് സെ ഭാരത് ഉദയ അഭിയാൻ" എന്ന പേരിലാണ് ഈ ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്.

## വനിതാ ട്രൈബൽ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷകളുടെ ദേശീയ സമ്മേളനം

ദേശീയ പഞ്ചായത്ത് ദിനാഘോഷ പരിപാടികളുടെ ഭാഗമായി ഭരണഘടനയുടെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രദേശത്ത് നിന്നുള്ള ട്രൈബൽ വനിതാ ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷന്മാരുടെ ഒരു ഏകദിന സമ്മേളനം ഏപ്രിൽ -19 ന് വിജയവാഡയിൽ വച്ച് നടക്കും. "അഞ്ചാം ഷെഡ്യൂർ പ്രദേശത്തിന്റെ വികസനത്തിൽ വനിതാ പഞ്ചായത്ത് അദ്ധ്യക്ഷന്മാരുടെ പങ്ക്" എന്നതാണ് സമ്മേളനത്തിന്റെ ചിന്താ വിഷയം.

അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 10 സംസ്ഥാനങ്ങളിൽ നിന്നുള്ള 850 വനിതാ ട്രൈബൽ അദ്ധ്യക്ഷന്മാർ സമ്മേളത്തിൽ പങ്കെടുക്കും.



# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2016 | പുസ്തകം 56 | ലക്കം 1 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**അജ്മൽ ജെ.**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ
**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**സി.എ. ലത ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**അജ്മൽ ജെ.**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്റോറിയൽ

ഏപ്രിൽ മാസത്തിന്റെ വരവോടെ 2016-17 സാമ്പത്തിക വർഷത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. വളരെയധികം നേട്ടങ്ങൾ കൈവരിച്ച ഒരു സാമ്പത്തിക വർഷമാണ് നാം പിന്നിട്ടത്. പ്രാഥമിക കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വികസനഫണ്ട് ചെലവിന്റെ സംസ്ഥാന ശരാശരി 74.49 ശതമാനമാണ്. ഇത് കഴിഞ്ഞ വർഷത്തിനെ അപേക്ഷിച്ച് കൂടുതലാണ് എന്നത് സന്തോഷം പകരുമ്പോൾ രണ്ട് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങളുടെ പിടിയിൽ നിന്നുകൊണ്ടാണ് നാം ഈ നേട്ടം കൈവരിച്ചത് എന്നത് ഈ സന്തോഷത്തെ ഇരട്ടിയാക്കുന്നു. ഇതിന് വേണ്ടി ആഹോരാത്രം പണിപ്പെട്ട പഞ്ചായത്തിലെ സെക്രട്ടറി ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരെയും അഭിനന്ദിക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നുള്ള കൃത്യമായ ഇടപെടലുകളും, മാർച്ച് മാസത്തിൽ നടത്തിയ റിവ്യൂ മീറ്റിംഗുകളും പദ്ധതി ചെലവ് ത്വരിതപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. തിരുവനന്തപുരം (80.19%) കണ്ണൂർ (79.28%), കോട്ടയം (79.13%) ജില്ലകൾ പദ്ധതി നിർവ്വഹണ ചെലവിൽ മുന്നലെത്തി. ഈ ജില്ലകളെ കൂടാതെ കൊല്ലം (78.74%), മലപ്പുറം (78.63%), വയനാട് (75.28%), പത്തനംതിട്ട (74.90%) എന്നീ ജില്ലകൾ സംസ്ഥാന ശരാശരിയിലും മുകളിൽ ചിലവ് നടത്തിയ ജില്ലകളാണ്.

സംസ്ഥാനത്തൊട്ടാകെ 95 ശതമാനത്തിന് മുകളിൽ പദ്ധതി ചിലവ് നടത്തിയ 18-ഓളം ഗ്രാമപഞ്ചായത്തുകൾ ഉണ്ട്. ഈ പഞ്ചായത്തിലെ സെക്രട്ടറിമാരേയും ജീവനക്കാരേയും പ്രത്യേകമായി അഭിനന്ദിക്കുന്നു. 90-95 ശതമാനത്തിനും ഇടയിലായി 61 ഗ്രാമപഞ്ചായത്തുകളും, 85-90 ശതമാനത്തിനിടയിൽ പദ്ധതി ചിലവ് നിർവ്വഹിച്ച 111 -ഓളം ഗ്രാമപഞ്ചായത്തുകളും ഉണ്ടെന്നാണ് പ്രാഥമിക വിവരങ്ങൾ സൂചിപ്പിക്കുന്നത്. ഈ വിവരങ്ങൾ നൽകുന്ന സൂചന സാധാരണ തെരഞ്ഞെടുപ്പ് വർഷങ്ങളിൽ കണ്ട് വരുന്ന പദ്ധതി ചിലവിലെ കുറവ് ഇത്തവണ ഉണ്ടായിട്ടില്ല എന്നതാണ്. ഇത് പഞ്ചായത്ത് വകുപ്പിനാകമാനം സന്തോഷിക്കാവുന്ന നേട്ടമാണ്.

ഇതോടൊപ്പം തന്നെ 2016-17 പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടന്ന് വരികയാണ്. ഏകദേശം നൂറോളം ഗ്രാമപഞ്ചായത്തുകൾ വികസന സെമിനാറുകൾ പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. നിയമസഭാ തിരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ പദ്ധതി രൂപീകരണപ്രവർത്തനങ്ങൾ മന്ദഗതിയിലായിട്ടുണ്ട്. ഇത്തവണത്തെ പദ്ധതിയിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പഞ്ചായത്തുകൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ എല്ലാ അന്ത:സത്തയും ഉൾകൊണ്ട് കൊണ്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണ്.

2015-16വർഷത്തിനെക്കാളും മികച്ച രീതിയിലുള്ള പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആദ്യം മുതൽക്കേ തന്നെ പ്രവർത്തിക്കുവാൻ നാം തയ്യാറാകേണ്ടതുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ജനക്ഷേമപരവും, സുതാര്യവുമായ രീതിയിൽ നടത്തിയെടുക്കുവാനും നാം ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതുണ്ട്.

പുതിയ സാമ്പത്തിക വർഷത്തിലേക്ക് കടക്കുമ്പോൾ കഴിഞ്ഞ വർഷത്തിൽ സംഭവിച്ച പിഴവുകളും, തെറ്റുകളും വിചിന്തനം ചെയ്യുന്നതും അതിൽ നിന്നും പാഠങ്ങൾ ഉൾകൊണ്ട് മുന്നോട്ട് പോകുന്നതും നാം ഓരോരുത്തർക്കും വ്യക്തിപരമായും പഞ്ചായത്ത് വകുപ്പിന് പൊതുവിലും ഗുണകരമായിരിക്കും എന്ന് ഓർമ്മപ്പെടുത്തട്ടെ. പഞ്ചായത്ത് വകുപ്പിലെ എല്ലാ ജീവനക്കാർക്കും ഒരു നല്ല സാമ്പത്തിക വർഷം ആശംസിക്കുന്നു.


**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

# ഋതുഭേദമില്ലാത്ത സംഗീതം



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

എല്ലാ കലകളും സംഗീതത്തിന്റെ പദവി കൈവരിക്കുവാൻ ശ്രമിക്കുന്നു എന്ന വാൾട്ടർ പേയ്റ്ററുടെ നിരീക്ഷണം ഏറെ പ്രസക്തമാണ്. ചരിത്ര മുക്തമായ കേവലാനുഭൂതിയുടെ ലോകമായി സംഗീതത്തെ പ്രതിഷ്ഠിക്കുകയാണ് ആധുനികത ചെയ്തത്. എങ്കിലും സംഗീതത്തെ സംബന്ധിച്ചുള്ള എല്ലാ സൂക്ഷ്മാലോചനകളും സംഗീതാനുഭൂതിയുടെ ചരിത്രപരത ചൂണ്ടിക്കാണിക്കാതെ കടന്നുപോയിട്ടില്ല. സംഗീതത്തിന് സംസ്കാരത്തോളം വ്യാപ്തിയുമുണ്ട്. റിൽക്കെ പറഞ്ഞതുപോലെ എല്ലാ ഭാഷയും ചെന്നൊടുങ്ങുന്ന ഭാഷയാണ് സംഗീതം. മർത്ത്യ ഹൃദയങ്ങളുടെ സ്പന്ദനത്തിന് മുകളിൽ കുത്തനെ നിൽക്കുന്ന കാലം.

സിനിമയ്ക്കു മുമ്പുതന്നെ മലയാളിക്ക് പരിചയമുണ്ടായിരുന്ന മിക്ക കലകളിലും സംഗീതത്തിന്റെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ചലച്ചിത്ര സംഗീതത്തിനു മുമ്പ് കേരളീയ ജനജീവിത്തിന്റെ എല്ലാ അടരുകളെയും ഒരുപോലെ അഭിസംബോധന ചെയ്യുവാൻ കെൽപുള്ള ഒരു സംഗീതശാഖയും ഉണ്ടായിട്ടില്ല. നാടോടി ഗാനം മുതൽ കഥകളി സംഗീതം വരെ പാട്ടിന്റെ ഭിന്ന പാരമ്പര്യങ്ങൾ കേരളത്തിനുണ്ടെങ്കിലും അവയത്രയും ഓരോരോ സാമൂഹ്യ വിഭാഗങ്ങളുടെ സംഗീതമായാണ് നിലകൊണ്ടത്. ചലച്ചിത്രസംഗീതം ദേശഭേദങ്ങളെയും വാമൊഴിവഴക്കങ്ങളെയും വലിയൊരളവിൽ മായ്ച്ചുകളയുന്ന പൊതു മലയാളത്തിന്റെ സാംസ്കാരിക ഭൂമികയിൽ നിലയുറപ്പിച്ച ഒന്നാണ്. സ്വകാര്യവും ഏകാന്തവുമായ ഒരനുഭൂതിലോകം വ്യക്തികൾക്ക് വാഗ്ദാനം ചെയ്തുകൊണ്ടാണ് ഗാനങ്ങൾ സ്വയംപര്യാപ്ത പദവിയിലേക്കുയരുന്നത്. ഇത്തരമൊരു അനുഭൂതിമണ്ഡലത്തിന്റെ ലളിതവും സമീപസ്ഥവുമായ പാർപ്പിടവും ഇരിപ്പിടവു മായിരുന്നു ഗാനങ്ങൾ.

ബീഥോവന്റേതിനേക്കാൾ മികച്ച രചനകൾ ബീറ്റിൽസിൽ സൂക്ഷ്മ രൂപത്തിൽ കാണാനാവുമെന്നത് തീർച്ച. അത്ഭുതകരമായ സർഗാത്മകതയോടെയാണ് അവർ സങ്കേതങ്ങൾ പ്രയോഗിച്ചിരിക്കുന്നത്. പോപ്പും റോക്കും എത്നിക്കും പാരഡിയും മെഗാമിക്സുമൊക്കെ ച്ചേർന്ന് പാശ്ചാത്യദേശത്ത് എൺപതുകൾക്ക് ശേഷം സംഭവിച്ചതിനോട് സമാനമായ ചില മാറ്റങ്ങൾ ഇവിടെയും സംഭവിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലെത്തുമ്പോഴേക്കും പാശ്ചാത്യ ശാസ്ത്രീയ സംഗീതം ഹാർമണിയുടെ സമഗ്രതയിൽ എത്തിയിരുന്നു. ബെയ്സ്, റ്റെനർ, ആൾട്ടോ, സൊപ്രനോ തുടങ്ങിയ ഭിന്ന ശ്രണികളിൽ ആലാപനം ചെയ്യാനും അവയിൽത്തന്നെ

വൈവിധ്യങ്ങൾ സൃഷ്ടിക്കാനും അവർക്ക് കഴിഞ്ഞിരുന്നു. മാത്രമല്ല വലിയൊരു ചേയ്മ്പർ ഓർക്കസ്ട്ര നടത്തുന്നതിന്റെ വിപുലമായ ചിട്ട വട്ടങ്ങളും വികസിച്ചിരുന്നു. പിന്നീട് മ്യൂസിക് കമ്പോസർ, മ്യൂസിക് കണ്ടക്ടർ ആയിമാറി. ആധുനികതയും ഉത്തരാധുനികതയും സംഗീതത്തിന്റെ ക്ലാസ്സിക്കൽ ഘടനയെ വീണ്ടും മാറ്റിമറിച്ചു. ജാസ്സിന്റെയും ബ്ലൂഡ്മ്യൂസിക്കിന്റെയും വരവോടെ ആഴത്തിൽ കേട്ടിരുന്ന ബെയ്സ് ഡ്രംസ് വണ്ട് മുഴക്കങ്ങൾ സൃഷ്ടിച്ചു. ഇത്രയും അടിസ്ഥാനപരമായ മാറ്റങ്ങൾ നമ്മുടെ സംഗീതഘടനയിൽ ഉണ്ടായില്ല. ഇപ്പോഴും താളവും ഈണവുമെന്ന ഫോർമാറ്റിൽ തന്നെ നിലകൊള്ളുകയാണിവിടുത്തെ കേൾവിയും ആസ്വാദനവും. ഉത്തരാധുനികതയിൽ നഷ്ടമാകാവുന്ന അഭിജാതം / ജനകീയം എന്ന ദ്വന്ദ്വം നമ്മുടെ ജനപ്രിയ സംഗീതത്തിന് വലിയ പ്രസക്തി നൽകുന്നു. ചടുലവും പ്രകടവുമായ താളപ്രയോഗം എൺപതുകൾക്ക് ശേഷമുള്ള സിനിമാപ്പാട്ടുകളിൽ വ്യാപകമായി. റിഥംപാഡുപോലുള്ള ഇലക്ട്രോണിക് സംഗീതോപകരണങ്ങളുടെ ഉപയോഗം ഇതിന് സാങ്കേതിക സാഹചര്യം ഒരുക്കി. വളരെ കുറഞ്ഞ സമയം കൊണ്ടുപോലും പാട്ടുകൾ നിർമ്മിക്കപ്പെടാൻ തുടങ്ങി. ഇങ്ങനെ ഈണത്തിന്റെ നിലവാരം കുറയുവാനിടയാകുന്നു.

1950 കൾ മുതൽ തന്നെ ലോകത്തിൽ മേധാവിത്വം പുലർത്തിയിരുന്ന ജനപ്രിയ സംഗീതമാണ് റോക്ക്. റോക്ക് ഒരു സങ്കരഘടനയാണ്. റോക്ക്, റാപ്, റെഗ്ഗെ തുടങ്ങി മാറിവന്ന പാശ്ചാത്യ സൗണ്ടിംഗ് പാറ്റേണാണ് പുതിയ കാല സംഗീതത്തെ നിർണ്ണയിക്കുന്നത്. മലയാളത്തിൽ 1990 നു ശേഷം മാറുന്ന പുതിയ ട്രെൻഡിൽ ഏറെ പ്രമുഖർ പാശ്ചാത്യ സംസ്കാരാഭിമുഖ്യത്തിനോട് പൊരുത്തപ്പെടുന്ന സംഗീതം സൃഷ്ടിക്കുകയാണ് ചെയ്തത്. പുതിയ സാങ്കേതിക വിദ്യകളാണ് സംഗീതത്തെ നിർണ്ണയിക്കുന്ന മറ്റൊരു പ്രധാന ഘടകം. ധ്യാനാത്മകമോ, ഏകതാനമോ, മാനകമോ ആയ ആലാപന ശൈലികളെ അത് സൗണ്ട് മിക്സിംഗിലൂടെ അപ്രസക്തമാക്കിക്കളഞ്ഞു. പ്രകടമായ ഒരു സംഗീത ഘടനാ പരിണാമം പുതിയ ചലച്ചിത്ര ഗാനശാഖയിൽ സംഭവിച്ചിട്ടുണ്ട്. കർണ്ണാടക – ഹിന്ദുസ്ഥാനി സംഗീത പാരമ്പര്യത്തിന്റെ അഭിജാത ഘടനയിൽ നിന്നു കൊണ്ടാണ് മലയാളി സംഗീതജ്ഞർ ഗാനങ്ങളുടെ സംഗീത സാധ്യതകൾ സൃഷ്ടിച്ചുകൊണ്ടിരുന്നത്. എന്നാൽ ഇന്ന് പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനം വഴി പശ്ചാത്യ സംഗീതത്തിന്റെയും അടിസ്ഥാന ഘടനകൾ കോംപസിഷനിൽ സ്വീകരിക്കുന്നതായി കാണാം. സംഗീതത്തിന്റെ പക്കവാദ്യങ്ങളായിരുന്ന താള വാദ്യങ്ങൾക്ക് ക്രമേണ ഈ സംഗീത ഘടനയിൽ മേൽക്കൈ നേടാനായി. റിഥം മുഖ്യമാവുന്ന പുതിയ കോംപസിഷൻ പ്രവണതകൾ ചലച്ചിത്രഗാനങ്ങളിലും മറ്റും പ്രധാനമായിത്തീർന്നു. പാശ്ചാത്യ സംഗീതത്തിന്റെ സാധ്യതകൾ ഉപയോഗിക്കുകയായിരുന്നു സംഗീത സംവിധായകർ ചെയ്തുകൊണ്ടി രുന്നത്. എന്നാൽ അവയെ സംഗീതത്തിന്റെ അടിസ്ഥാന ഘടനയായി സ്വീകരിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്.

'സംഗീതത്തിന്റെ പ്രകാശം ലോകത്തെ പ്രകാശമാനമാക്കും. സംഗീതത്തിന്റെ ജീവശ്വാസം ആകാശത്തിൽ നിന്നും ആകാശത്തിലേക്ക് വ്യാപിക്കും' എന്ന ടാഗോർ വചനത്തിൽ ആത്മീയമായ സംഗീത വഴികളെക്കുറിച്ചുള്ള അന്വേഷണമുണ്ട്. സാന്ത്വനമായി ഭവിക്കുന്ന സംഗീതത്തിന്റെ സർഗ്ഗധാര നന്മയുടെ സരണിയിലേക്ക് ഏതൊരാളെയും കൊണ്ടു ചെന്നെത്തിക്കും. നീതിയുടെ നിത്യ സുരഭിലമായ നിയതിയിലേക്കുള്ള പ്രയാണത്തിൽ സമാന്തരമായൊരു സംഗീത ലോകത്തെക്കൂടി കാത്തു സൂക്ഷിക്കാൻ കഴിയുക എന്നത് തികച്ചും അഭിനന്ദാർഹമായ കാര്യമാണ്. കലുഷിതവും കലാപപൂർണ്ണവുമായ സമൂഹത്തിന്റെ കാടകങ്ങളിൽ വസന്തമായി തളിർക്കുന്ന സംഗീത ഋതുവിനെയാണ് ഓരോരുത്തരും കാത്തിരിക്കുന്നത്.

പശ്ചാത്യ സിനിമയിൽ നിന്നും വ്യത്യസ്തമായി ഇന്ത്യൻ സിനിമയിൽ ഗാനങ്ങൾ സുപ്രധാന സ്ഥാനം നേടിയതിനെക്കുറിച്ച് സത്യജിത് റായ് പറയുന്നത് ശ്രദ്ധേയമാണ്. പടിഞ്ഞാറൻ രാജ്യങ്ങളിലെ പൗരസമൂഹത്തിന് ലഭ്യമായ വിനോദോപാധികളൊന്നും ഇന്ത്യൻ ജനതയ്ക്ക് ലഭ്യമായിരുന്നില്ല എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. (ഓപ്പറകൾ, സംഗീതനൃത്തശാലകൾ, നാടകങ്ങൾ) എന്നാൽ ഇതേസമയം തന്നെ ആധുനികീകരണത്തിന്റെ ഫലമായി പരമ്പരാഗത വിനോദോപാധികൾ ഒട്ടൊക്കെ അവർക്ക് നഷ്ടപ്പെടുകയും ചെയ്തു. ഈ ശൂന്യസ്ഥലത്തേക്കാണ് സിനിമാ ഗാനങ്ങൾ കടന്നുകയറിയത്. പാശ്ചാത്യമായ വിനോദോപധികൾക്ക് പകരം നിൽക്കുന്ന ഒന്നായി അവയെ കണക്കാക്കണം. വാസ്തവത്തിൽ കേരളത്തിലെ ആധുനികീകരണം ജന്മം നൽകിയ പൊതു മണ്ഡലത്തിന്റെ സൗന്ദര്യാനുഭൂതിപരമായ തുടർച്ചയെന്ന് ചലച്ചിത്ര സംഗീതത്തെ വിവരിക്കാൻ കഴിയും.

ജനപ്രിയ സംഗീതത്തിന്റെ പ്രഖ്യാപിത ചരിത്രത്തിൽ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ സംഗീത സംസ്കാരത്തെ മുൻവിധികളില്ലാതെ ഉപയോഗിക്കുന്നതിനും അവയെ സമകാലിക സംഗീത സങ്കേതങ്ങളുമായി ചേർത്തു വയ്ക്കുന്നതിനും സമകാലികമായ ജീവിതാവസ്ഥകൾ ആവിഷ്കരിക്കുന്നതിനുള്ള സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിനും സാധ്യമാകുമ്പോൾ പുതിയ സംഗീതവും ഉണ്ടാവും. വൈവിധ്യമാർന്ന ആധുനിക പ്രക്രിയകളെ പലമട്ടിൽ അഭിസംബോധന ചെയ്ത കേരളീയ സമൂഹം വൻതോതിൽ സംവദിച്ച സംസ്കാരികാനുഭവമായി ഇവിടെ ഒരു ജനപ്രിയ സംസ്കാരം രൂപം കൊള്ളുകയായിരുന്നു. സംഗീത്തിന്റെ ജനപ്രിയ വഴികൾ പലരീതിയിൽ പരന്നൊഴുകിയപ്പോൾ കൂട്ടായ്മയുടെ നിരവധി പ്രപഞ്ചങ്ങൾ അവിടവിടെയായി അവതരിച്ചു. മാനവികമായ ബോധത്തിന്റെ ആന്തരിക ഘടനകൾ അവിശ്വസനീയമാംവിധം സംഗീതത്തിന്റെ സൗന്ദര്യ ഭൂമികതേടി യാത്രയായി. സൗഹൃദവും സാന്ത്വനവും സല്ലാപവും സായൂജ്യവുമെല്ലാം സംഗീതത്തിന്റെ സാഗരതീരങ്ങൾ നീന്തിവന്നു. സംഗീതത്തിൽ ആത്മഹർഷത്തിന്റെ വസന്തം സൃഷ്ടിച്ച എല്ലാ പ്രതിഭകളും ചേർന്നൊരുക്കിയത് ശിൽപ്പഭദ്രമായ ഒരു സംസ്കാരമത്രേ.

രാജേഷ് കുറുപ്പ്

# പൂക്കാതിരിക്കാനാവില്ല...

ആവേശത്തിൽ വിഷുവിനും മുമ്പേ പൂത്ത കണിക്കൊന്നകളെക്കുറിച്ചുള്ള പരാതികൾക്ക് ഇത്തവണയും കുറവില്ല. വിഷുവെത്തുമ്പോൾ കണിവെയ്ക്കാൻ ഒരു കുല കൊന്നപ്പൂവു കിട്ടിയാൽ ഭാഗ്യം എന്ന ആത്മഗതം ഒരുപാടു കേട്ടു.

സത്യത്തിൽ ഈ കണിക്കൊന്നകൾക്ക് ഇതെന്താണു പറ്റിയത്. പാവം കൊന്നകളെ കുറ്റം പറയാൻ വരട്ടെ. കുഴപ്പം കൊന്നകളുടേതല്ല, നമ്മുടേതാണ്. നമ്മുടെ കലണ്ടറും പ്രകൃതിയുടെ കലണ്ടറും ഒത്തുപോകാത്തതാണു പ്രശ്നം. കാലഗണനയുടെയും അളവു തൂക്കങ്ങളുടെയും വികാസമാണ് മനുഷ്യപുരോഗതിയുടെ ലക്ഷണം.

അതിലെ കൃത്യത ശാസ്ത്രത്തിന്റെ നേട്ടമായാണു കരുതിപ്പോരുന്നതും. ഒരു ഗ്രാം സ്വർണം കേരളത്തിലും അറേബ്യയിലും ഒരു ഗ്രാം തന്നെ. ഒരു മിനിറ്റ് സമയം ഇന്ത്യയിലായാലും അമേരിക്കയിലായാലും അറുപതു സെക്കൻഡുതന്നെ. കിറുകൃത്യം. അങ്ങനെയാണു വേണ്ടതും. എന്നാൽ പ്രകൃതി അത്ര കണിശക്കാരനല്ല. നമ്മൾ 24 മണിക്കൂർ ഒരു ദിവസമെന്നും 365 ദിവസം ഒരു വർഷമെന്നുമൊക്കെ പറയുമെങ്കിലും സത്യത്തിൽ അതത്ര ശരിയൊന്നുമല്ല. ശരിക്കും പറഞ്ഞാൽ ചെരുപ്പിനനുസരിച്ച് കാലു മുറിക്കുന്ന ഏർപ്പാടാണത്.

ഒരു രാശിയിൽ നിന്നു മറ്റൊന്നിലേക്കുള്ള സൂര്യന്റെ പ്രയാണത്തെയാണു സംക്രാന്തി എന്നു പറയുന്നത്. സംക്രാന്തികളിൽ പ്രധാനമാണ് മഹാവിഷു എന്ന മേടവിഷു.

വിഷു എന്ന വാക്കിന് തുല്യം എന്ന് അർഥം. അതായത് രാത്രിയും പകലും തുല്യമായ ദിവസം. സൂര്യൻ കൃത്യം കിഴക്കുദിക്കുന്ന ദിവസം. വർഷത്തിൽ രണ്ടു വിഷുക്കളുണ്ട്. മേടം ഒന്നിനു മേടവിഷുവും തുലാം ഒന്നിനു തുലാവിഷുവും. മേട വിഷുവാണു നമുക്കു പ്രധാനം. അതു മുഖ്യമായും കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രാചീന സംസ്കാരങ്ങളുടെയും സാമ്രാജ്യങ്ങളുടെയുമെല്ലാം അടിസ്ഥാനം കൃഷി ആയിരുന്നുവല്ലോ. സൂര്യൻ മീനം രാശിയിൽനിന്നു മേടം രാശിയിലേക്കു സംക്രമിക്കുന്ന ദിവസമാണു വിഷു

സംക്രാന്തി. അതിന്റെ പിറ്റേന്നാണു വിഷു. വിഷു കഴിഞ്ഞാണ് നിലമൊരുക്കി വിത്തിടീൽ തുടങ്ങേണ്ടത്.

കേരളത്തോടു ചേർന്നു കിടക്കുന്ന സ്ഥലങ്ങളിലും വിഷു ആഘോഷിക്കുന്നുണ്ട്.

സംഘകാല കൃതികളിൽ വിഷുന്റെ പ്രാധാന്യം സംബന്ധിച്ച പരാമർശങ്ങളുണ്ട്. എ.ഡി 962–1021 കാലത്തു ജീവിച്ചിരുന്ന ഭാസ്ക്കര രവിവർമ്മന്റെ തൃക്കൊടിത്താനം ശാസനത്തിൽ 'ചിത്തിര വിഷു' വിനെക്കുറിച്ച് പരാമർശമുണ്ട്.

'ഗണിതശാസ്ത്രപരമായി വിഷു നവവർഷദിനമാണ്. അന്ന് സൂര്യൻ നേരെ കിഴക്കുദിക്കുന്ന ദിവസമാണെന്ന് വച്ചിരിക്കുന്നു.' എന്നാണു മലബാർ മാന്വലിൽ വില്യം ലോഗൻ വിഷുവിനെക്കുറിച്ചു പരാമർശിക്കുന്നത്.

കൊല്ലവർഷാരംഭത്തോടെയാണു വിഷു ആണ്ടുപിറപ്പ് എന്ന രീതിയിൽ ആചരിക്കാൻ തുടങ്ങിയതെന്നു കരുതുന്നു. തമിഴ്നാട്ടിലും വിഷുദിനമാണ് നവവത്സരമായി കൊണ്ടാടുന്നത്. കലിവർഷവും ശകവർഷവും ആരംഭിക്കുന്നത് മേടവിഷു മുതലാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് നമ്മൾ വിഷുവിന് ആണ്ടുപിറപ്പ് ആഘോഷിക്കുമ്പോൾ കണിക്കൊന്നകൾ പൂത്തുലഞ്ഞു നിന്നിരുന്നു. അക്കാലത്ത് നമ്മുടെ കലണ്ടറും പ്രകൃതിയുടെ കലണ്ടറും ഒത്തുപോയി.

എന്നാൽ മഹാവിഷു അഥവാ മേടവിഷു ഇപ്പോൾ ഒരു മാസത്തോളം മുമ്പിലാണ് എന്നതാണു സത്യം. ഭൂമിയുടെ അച്ചുതണ്ടിന്റെ 'പുരസരണം' (കറങ്ങുന്ന വസ്തുവിന്റെ അച്ചുതണ്ടിനുണ്ടാകുന്ന സാവധാന ചലനം)ആണി

**കൊല്ലവർഷാരംഭത്തോടെയാണു വിഷു ആണ്ടുപിറപ്പ് എന്ന രീതിയിൽ ആചരിക്കാൻ തുടങ്ങിയതെന്നു കരുതുന്നു. തമിഴ്നാട്ടിലും വിഷുദിനമാണ് നവവത്സരമായി കൊണ്ടാടുന്നത്. കലിവർഷവും ശകവർഷവും ആരംഭിക്കുന്നത് മേടവിഷു മുതലാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് നമ്മൾ വിഷുവിന് ആണ്ടുപിറപ്പ് ആഘോഷിക്കുമ്പോൾ കണിക്കൊന്നകൾ പൂത്തുലഞ്ഞു നിന്നിരുന്നു.**



തിനു കാരണം. അതായത് ഭൂമി സാങ്കൽപികമായ ഒരു നേർരേഖയിലൂടെ കൃത്യമായല്ല ഭ്രമണം ചെയ്യുന്നത്. ചെറിയ ആട്ടവുംകോട്ടവുമൊക്കെയുണ്ട്. ഭ്രമണവേഗവും സൂര്യചന്ദ്രൻമാരുടെ ആകർഷണവും മൂലമുണ്ടാകുന്ന ഈ പുരസരണം അധവാ അച്ചുതണ്ടിന്റെ ചലനം 26000 വർഷങ്ങൾകൊണ്ടു പൂർത്തിയാകുന്നൊരു ചാക്രിക പ്രതിഭാസമാണ്. ഇതുമൂലം നമ്മുടെ ധ്രുവ നക്ഷത്രങ്ങളും മാറിക്കൊണ്ടിരിക്കും. പുരസരണം കാരണം പ്രകൃതിയുടെ കലണ്ടറിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. എന്നാൽ മനുഷ്യനുണ്ടാക്കിയ കലണ്ടറിലെ കള്ളികൾക്ക് ഈ അയവ് സാധ്യമല്ല. പുരസരണം കാരണം 72 വർഷംകൊണ്ട് ഭൂമിയുടെ അച്ചുതണ്ടിന്റെ കോണിൽ ഒരു ഡിഗ്രി വ്യതിയാനമുണ്ടാകുന്നു. അതുകാരണം സൂര്യൻ നേർരേഖയിലെത്താൻ താമസമുണ്ടാകുന്നു.

പണ്ടു മേടത്തിലായിരുന്ന വിഷു ഇപ്പോൾ 24 ദിവസം മുൻപ് മീനം രാശിയിലാണ് വരുന്നത്. തുലാവിഷു കന്നിരാശിയിലും. അതറിഞ്ഞു കണിക്കൊന്നകൾ മീനത്തിൽത്തന്നെ പൂക്കുന്നു. അതറിയാതെ നമ്മൾ കണിക്കൊന്നകളെ കുറ്റംപറയുന്നു.

കണ്ണിനു മുകളിൽ കൈത്തലംവച്ച് ആകാശത്തുനോക്കി സമയം പറഞ്ഞിരുന്നവരാണു നമ്മുടെ പൂർവികർ. നക്ഷത്രങ്ങളെ നോക്കി വർഷവും മാസവും കൃത്യമായ അവർ ഗണിച്ചിരുന്നു. നാഴികകളും വിനാഴികകളും അറിയാൻ അവർക്കൊന്നു കണ്ണടച്ചു തുറന്നാൽ മതിയായിരുന്നു. ആധുനിക ഉപകരണങ്ങൾ ആവോളമുണ്ടായിട്ടും മനുഷ്യന്റെ കണക്കുകൾ വീണ്ടും വീണ്ടും തെറ്റിക്കൊണ്ടേയിരിക്കുന്നു.

ഞാറ്റുവേലകൾ തിട്ടമില്ലാതെ കലണ്ടർ നോക്കി കൃഷിയിറക്കി നമ്മൾ തോറ്റുകൊണ്ടേയിരിക്കുകയാണ്. ഉഴുതു മറിച്ച നെൽപാടങ്ങളിൽ പാകുവാൻ വ്രതശുദ്ധിയോടെ അറ തുറന്നു വിത്തെടുത്തു വിളവിറക്കിയിരുന്ന നന്മയുടെ നേർക്കാഴ്ച നമുക്കിന്ന് നഷ്ടമായിരിക്കുന്നു.

ഇന്ന് വിഷുപ്പക്ഷിയുടെ പാട്ടില്ല..

'വിത്തും കൈക്കോട്ടും' പുതുതലമുറയ്ക്കുന്നന്യമാണ്. എങ്കിലും ഇന്നും വിഷു ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും നന്മയുടെയും മാത്രം ആഘോഷമല്ല. അത് സാഹോദര്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും എല്ലാത്തിനുമുപരി പങ്കു വയ്ക്കലിന്റെയും ആഘോഷമാണ്.

വിഷു പുലരിയിൽ തേച്ചു മിനുക്കിയ ഓട്ടുരുളിയിൽ കോടിമുണ്ടും വാൽക്കണ്ണാടിയും സ്വർണവും കണിവെള്ളരിയും കണ്ണന്റെ മുഖപാദാരവിന്ദങ്ങളോടൊപ്പം ഏഴുതിരിയിട്ടു കത്തിച്ച നിലവിളക്കിന്റെ പ്രഭയിൽ കണി ദർശിക്കുമ്പോൾ ആരുടെ മനസിലാണ് നന്മയുടെ കർണികാരം പൂക്കാത്തത്.

'സ്വസ്തി പ്രജാഭ്യാം പരിപാലയന്താം
ന്യായേന മാർക്ഷേണ മഹീം മഹീശാ
ഗോ ബ്രാഹ്മണഭ്യ സുഖമസ്തു നിത്യം
ലോകാ സമസ്താ സുഖിനോ ഭവന്തു'

എന്ന പ്രാർത്ഥനാ മന്ത്രം ഈ വിഷുവിന്റെ വിളക്കാകട്ടെ...


*(ലേഖകൻ ചുനക്കര ഗ്രാമ പഞ്ചായത്തിൽ അക്കൗണ്ടന്റും ഐ.എം.ജി ട്രയിനിംഗ് കോർഡിനേറ്ററും ഗസ്റ്റ് ഫാക്കൽറ്റിയുമാണ്)*



എ. സെയ്ദ്

# ഗ്രാമസ്വരാജ്
# പൗരശാക്തീകരണം ആശയവും സമീപനവും

ഗ്രാമ സ്വരാജ് എന്ന ആശയം അടിസ്ഥാനപരമായി 'മഹാത്മ ജി' അവതരിപ്പിച്ചതാണ്. വിദേശാധിപത്യത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാനുള്ള രാഷ്ട്രപിതാവിന്റെ ആശയപോരാട്ടത്തിന്റെ ഭാഗമായിരുന്നു അത്. 'സ്വരാജ്' എന്ന സംവിധാനം Political ആയി വിവക്ഷിക്കുമ്പോൾ അത് സ്വയം ഭരണ സംവിധാനമാണ് Self Government എപ്പോഴും Good Government ആവണമെന്നില്ല. അത് പൂർണ്ണമായും



ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ സംവിധാനമാണ്.

രാഷ്ട്രീയമായി ഈ സംവിധാനത്തോട് ഉണ്ടായ അഭിപ്രായ വ്യത്യാസത്തിന്റെ ഫലമായിട്ടാണ് പഞ്ചായത്ത് രാജ് എന്ന ആശയം ഭരണഘടനയുടെ ഭാഗമാകാൻ 1994 വരെ നാം കാത്തിരിക്കേണ്ടി വന്നത്.

- 1993-ൽ 73-ാം ഭരണഘടനാ ഭേദഗതി പാർലമെന്റ് പാസ്സാക്കി
- ഭരണ ഘടന ഭേദഗതിക്കനുസൃതമായി 1994 മാർച്ച് 24 ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 കേരള നിയമസഭ പാസ്സാക്കി. (Published in Gazette No. 1175 dtd 23.11.1995)
- KPR Act Sn.166 പ്രകാരം മൂന്നാം പട്ടികയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് 27 നിർബന്ധിത ചുമതലകളും, 14 പൊതു ചുമതലകളും, 19 മേഖല ചുമതലകളും നൽകുകയുണ്ടായി.

ഒപ്പം ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തിനാവശ്യമായ Function, Fund, Functionaries നേയും സർക്കാർ നൽകുകയുണ്ടായി. 17 സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും, ഓഫീസുകളും ചുമതലകളുമാണ് ഇപ്രകാരം കൈമാറിയത്.

പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് പ്രധാന നടപടിയെന്ന നിലയിൽ പദ്ധതി രൂപീകരണം, മോണിട്ടറിംഗ് എന്നീ മേഖലകളിൽ ജനപ്രതിനിധികളോടൊപ്പം ജനങ്ങൾക്കും പ്രവർത്തിക്കാൻ അവസരം നൽകികൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാർ



**ഗ്രാമസ്വരാജ് പൗരശാക്തീകരണ രംഗത്ത് നാം മുന്നോട്ട്‌വെച്ച മിക ച്ച കാൽവെയ്പ്പാണ് സേവാഗ്രാം, അയൽ സഭ രൂപീകരണ നിർദ്ദേശ ങ്ങൾ. ഗ്രാമസഭയിലെ കുറയുന്ന പങ്കാളിത്തം, പദ്ധതി രൂപീകരണ പ്രക്രിയയിൽ നിന്നും ജനങ്ങൾ അകന്ന് നിൽക്കുന്നത് തുടങ്ങിയ പ്രവർത്തനങ്ങളെ മാറ്റിയെടുക്കാൻ വേണ്ടിയുള്ള പൗരശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഇവ മുന്നോട്ട് വെച്ചത്.**

എന്നീ സംവിധാനങ്ങളും ഏർപ്പെടുത്തി ഗ്രാമസഭകൾക്ക് പൂർണ്ണമായ അധികാരം നൽകികൊണ്ടുള്ള നിയമ നിർമ്മാണം മറ്റൊരു കാൽവെയ്പ്പായിരുന്നു. എന്നാൽ വിധി വൈപരീത്യമെന്ന് പറയട്ടെ ആദ്യ കാലഘട്ടത്തിൽ ഈ ജനകീയ സംവിധാനങ്ങളിൽ ജനങ്ങൾ കാണിച്ച ഔത്സുക്യവും, താത്പ്പര്യവും ക്രമേണ വറ്റിവരണ്ട് ഇത്തരം സംവിധാനങ്ങളിൽ ഹാജർ പോലും ഒപ്പിച്ചെടുക്കേണ്ട അവസ്ഥ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംജാതമായി.

The Kerala Panchayat Raj (Preparation of Citizens Charater) Rules 2004 പ്രകാരം പൗരാവകാശ രേഖയുടെ പ്രസിദ്ധീകരണം 2004-ൽ ഏറ്റെടുത്തതാണ് പൗരശാക്തീകരണ രംഗത്ത് നാം നടത്തിയ ഒരു സുപ്രധാന ചുവടുവെയ്പ്പ്. ഒരോ പൊതു തെരഞ്ഞെടുപ്പിന് ശേഷവും പഞ്ചായത്തുകൾ രൂപീകരിച്ചു കഴിഞ്ഞാൽ ആറുമാസത്തിനുള്ളിൽ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് സമയ ബന്ധിതമായി നൽകുന്ന സേവനങ്ങളേയും നിബന്ധനകളേയും സംബന്ധിച്ച് നിശ്ചിത ഫാറത്തിൽ പ്രസിദ്ധീകരിക്കുവാൻ ബന്ധപ്പെട്ട നിയമവും ചട്ടവും പ്രകാരം പഞ്ചായത്തുകൾ ബാധ്യസ്ഥമാണ്. പ്രസ്തുത റൂൾസ് പ്രകാരം പൗരാവകാശ രേഖ എല്ലാ വർഷവും പുതുക്കുവാനും പഞ്ചായത്തുകൾക്ക് ബാധ്യതയുണ്ട്.

ജനങ്ങളുടെ അവകാശ സംരക്ഷണത്തിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയ വിപ്ലവകരമായ ഒരു സംവിധാനമായിരുന്നു ഫ്രണ്ട് ആഫീസ്.

വളരെ വിജയകരമായി നടപ്പിലാക്കിയ ഫ്രണ്ട് ആഫീസ് സംവിധാനം പിന്നീട് കമ്പ്യൂട്ടർവൽക്കരിക്കുവാനും, കൂടുതൽ ജനോപകാരപ്രദമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഏറ്റവും നല്ല പഞ്ചായത്ത് രാജ് സംവിധാനത്തിനുള്ള കേന്ദ്രത്തിന്റെ ഡെവല്യൂഷൻ അവാർഡ് കേരളത്തിന് 2014-ൽ ഉൾപ്പെടെ പലതവണ ലഭിച്ചുവെങ്കിലും 2015- ICODD ൽ ഉയർന്ന ഏറ്റവും വലിയ വിമർശനം കേരളം, പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ex Champion മാരാണെന്നതാണ്. 1994 ൽ നടന്ന Fund, Function and Functionaries കൈമാറ്റത്തിന് ശേഷം അധികാരവികേന്ദ്രീകരണം ശാക്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ ഉണ്ടായി എന്നത് വാസ്തവമാണ്. ആന്ധ്രയും, കർണ്ണാടകയും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കൈമാറികിട്ടിയ മുഴുവൻ സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥരുടെ നിയന്ത്രണവും, ശമ്പളമുൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾ നൽകലും പഞ്ചായത്തുകളാണ് നിർവ്വഹിക്കുന്നത് എന്നത് പിരിഗണിക്കുമ്പോൾ നാം 1994 ന് ശേഷം കൂടുതലായി മുന്നോട്ട്പോയി എന്നു പറയാൻ കഴിയില്ല.

ഗ്രാമസ്വരാജ് പൗരശാക്തീകരണ രംഗത്ത് നാം മുന്നോട്ട്‌വെച്ച മികച്ച കാൽവെയ്പ്പാണ് സേവാഗ്രാം, അയൽ സഭ രൂപീകരണ നിർദ്ദേശങ്ങൾ. ഗ്രാമസഭയിലെ കുറയുന്ന പങ്കാളിത്തം, പദ്ധതി രൂപീകരണ പ്രക്രിയയിൽ നിന്നും ജനങ്ങൾ അകന്ന് നിൽക്കുന്നത് തുടങ്ങിയ പ്രവർത്തനങ്ങളെ മാറ്റിയെടുക്കാൻ വേണ്ടിയുള്ള പൗരശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഇവ മുന്നോട്ട് വെച്ചത്.

ഒരു വാർഡിലെ മുഴുവൻ ഭവനങ്ങളും ഉൾപ്പെടുന്ന വിധം അയൽ സഭകൾ രൂപീകരിക്കുകയും അയൽ സഭ പ്രതിനിധികളെ ഉൾപ്പെടുത്തി വാർഡ് വികസന സമിതികൾ രൂപപ്പെടുത്തുകയും ചെയ്യലാണ് ഇതി

ലെ കാതലായ നിർദ്ദേശങ്ങൾ. ഗ്രാമസഭകളുടേയും വാർഡ് വികസന സമിതികളുടേയും ആസ്ഥാനമായി സേവാഗ്രാം – ഗ്രാമകേന്ദ്രങ്ങളും സ്ഥാപിക്കുകയുണ്ടായി. അയൽ സഭകളേയും വാർഡ് വികസന സമിതികളേയും കാഴ്ചവസ്തുക്കളായി രൂപീകരിക്കുകയല്ല ചെയ്തത്, മറിച്ച് അവയ്ക്ക് പദ്ധതി രൂപീകരണം, നടത്തിപ്പ്, ഗുണഭോക്തൃ നിർണ്ണയം മോണിട്ടറിംഗ് എന്നീ മേഖലകളിൽ വ്യക്തമായ അധികാരങ്ങളും ചുമതലകളും നൽകി. ഗ്രാമസഭകളുടെ അധികാരങ്ങൾ നിലനിർത്തിക്കൊണ്ടും, വാർഡ് മെമ്പറുടെ അധികാരങ്ങളും, ചുമതലകളും വിപുലപ്പെടുത്തികൊണ്ടുമാണ് മേൽ മാറ്റങ്ങൾ കൊണ്ടുവന്നത്.

ഈ വിഷയത്തിൽ സർക്കാർ താഴെപ്പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി.

- സർക്കാർ ഉത്തരവ് (എം.എസ്) നം. 112/2014/തസ്വഭവ തീയതി 25.06.2014
- സർക്കുലർ നം. 55247/IA1/14/തസ്വഭവ തീയതി 06.02.2015
- സർക്കാർ ഉത്തരവ് (എം.എസ്) നം. 218/2015/തസ്വഭവ തീയതി 03.07.2015

അയൽ സഭ/വാർഡ് വികസന സമിതി എന്നിവ രൂപീകരിക്കുന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തത കൈവരിക്കുന്നതിലേക്കായി പഞ്ചായത്ത് ഡയറക്ടർ 07.08.2015 ജെ3–24644/13 നമ്പരായി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ 11.01.2016 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 4/2016/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും അയൽ സഭയുടെ അധികാരത്തെ ക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

## സമീപനം

വളരെ തണുത്ത ഒരു പ്രതികരണമാണ് തുടക്കത്തിൽ സേവാഗ്രാം – അയൽ സഭ വാർഡ് വികസന സമിതി രൂപീകരണ പ്രവർത്തനങ്ങളിൽ കണ്ടിരുന്നത്. എന്നാൽ തിരഞ്ഞെടുപ്പ് കഴിഞ്ഞതൊടെ ചിത്രം ആകെ മാറി.

- 01.08.2015 ൽ 6822 വാർഡുകളിലാണ് ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടത്. (978–16680)
- 15.12.2015 ൽ ഗ്രാമപഞ്ചായത്തുകളുടേയും, വാർഡുകളുടേയും എണ്ണം പഞ്ചായത്ത് – വാർഡ് 941–15962 ആയി കുറഞ്ഞെങ്കിലും ഗ്രാമകേന്ദ്രം സ്ഥാപിച്ച വാർഡുകൾ 7758 ആയി വർദ്ധിച്ചു.
- 2016 ജനുവരി അവസാനത്തോടെ ആകെ 15962 വാർഡുകളിൽ 9784 എണ്ണത്തിലും സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. (61%)
- 449 ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുകയും 2318 ഗ്രാമകേന്ദ്രങ്ങളിൽ ഫെസിലിറ്റേറ്റർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.
- 682 ഗ്രാമപഞ്ചായത്തുകളിൽ അയൽ സഭകൾ പൂർണ്ണമായും രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്.
- 15962 വാർഡുകളിൽ 12462 സ്ഥലത്തും അയൽ സഭകൾ രൂപീകരിച്ചിട്ടുണ്ട്. (78%)
- ശേഷിക്കുന്ന 207 ഗ്രാമപഞ്ചായത്തുകളിൽ രൂപീകരണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

വളരെ ദു:ഖകരമെന്ന് പറയട്ടെ വിവിധ ജില്ലകളിലായി 52 ഗ്രാമപഞ്ചായത്തുകൾ പങ്കാളിത്ത ജനാധിപത്യ പ്രവർത്തനങ്ങൾക്ക് പുറം തിരിഞ്ഞു നിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. ഒരു കാര്യം തീർച്ചയാണ് പങ്കാളിത്ത വികസനത്തിലൂന്നിയുള്ള ഒരു ജനാധിപത്യ സംവിധാനത്തിന്റെ ആണിക്കല്ലുകളായി പഞ്ചായത്തുകൾ മാറിയേ കഴിയൂ. പൗരശാക്തീകരണത്തിലൂടെ അതിന് വഴിയൊരുക്കുന്ന ഈ പ്രക്രിയ ഒരു കുത്തൊഴുക്കായി മാറാൻ പോകുകയാണ്. ഈ മലവെള്ളപാച്ചിലിൽ ജനഹിതത്തിന് വിരുദ്ധമായി നിൽക്കുന്നവർ ഒറ്റപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. അതിന്റെ ഏറ്റവും വലിയ തെളിവാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും രൂപീകരിക്കപ്പെട്ട പഞ്ചായത്ത് സമിതികളും, ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്ന മട്ടിൽ ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്.



**ഒരു വാർഡിലെ മുഴുവൻ ഭവനങ്ങളും ഉൾപ്പെടുന്ന വിധം അയൽ സഭകൾ രൂപീകരിക്കുകയും അയൽ സഭ പ്രതിനിധികളെ ഉൾപ്പെടുത്തി വാർഡ് വികസന സമിതികൾ രൂപപ്പെടുത്തുകയും ചെയ്യലാണ് ഇതിലെ കാതലായ നിർദ്ദേശങ്ങൾ. ഗ്രാമസഭകളുടേയും വാർഡ് വികസന സമിതികളുടേയും ആസ്ഥാനമായി സേവാഗ്രാം – ഗ്രാമകേന്ദ്രങ്ങളും സ്ഥാപിക്കുകയുണ്ടായി.**

തിരുവനന്തപുരം ജില്ലയിലെ കാട്ടക്കട താലൂക്കിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്താണ് പൗരശാക്തീകരണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. നിലവിൽ ആര്യങ്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. അനിലും, വൈസ് പ്രസിഡന്റ് എ. ലീലയും, സെക്രട്ടറി ഷാജികുമാറുമാണ്.

2014- 10-ാം മാസം മുതൽ തന്നെ അയൽ സഭാ രൂപീകരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ആരംഭിച്ചു. 10/2014 ൽ തന്നെ വാർഡ് വികസന സമിതികളും രൂപീകരിച്ചു. 16 വാർഡുകളിലായി 88 അയൽ സഭകളാണ് ആര്യങ്കോട് ഗ്രാമപഞ്ചായത്തിലുള്ളത്. 23,998 ജനസംഖ്യയുള്ള ആര്യങ്കോട് ഗ്രാമപഞ്ചായത്തിൽ പുരുഷൻമാരുടെ എണ്ണം 12,261 ഉം, സ്ത്രീകളുടെ എണ്ണം 11,737 ഉം ആണ്. 16 വാർഡുകളിലും 25 അംഗങ്ങൾ വീതം ഉൾക്കൊള്ളുന്ന വാർഡ് വികസന സമിതികൾ പ്രവർത്തിച്ച് വരുന്നു. എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുകയും, ഫെസിലിറ്റേറ്റർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം ഫെസിലിറ്റേറ്റർമാരുടെ ഓണറേറിയം, വൈദ്യുതി ചാർജ്ജ്, കമ്പ്യൂട്ടർ സ്ഥാപിക്കൽ തുടങ്ങിയ ചിലവുകൾ ഉൾപ്പെടെ 16 വാർഡുകൾക്കായി 3,16,758/- രൂപ വകയിരുത്തിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ആകെ 19,571 വോട്ടർമാരുള്ള ആര്യങ്കോട് ഗ്രാമപഞ്ചായത്തിൽ 2014 ൽ നടന്ന അവസാന ഗ്രാമസഭയിലെ ആകെ പങ്കാളിത്തം 1,959 ആണ്. എന്നുവെച്ചാൽ കൃത്യം 10% ഒപ്പിച്ചു. ഇതിൽ പതിവുപോലെ 1,518 സ്ത്രീകളും, 441 പുരുഷൻമാരും പങ്കെടുത്തു. 78% സ്ത്രീകളാണ് പങ്കെടുത്തത്. പുരുഷൻമാർ 22% വും.

അയൽ സഭാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിയ ശേഷം 06/2015 ൽ നടന്ന ഗ്രാമസഭയിൽ പങ്കാളിത്തം 2,586 ആയി ഉയർന്നു. (14% ത്തിനടുത്ത്) പ്രകടമായ ഒരു മാറ്റം പുരുഷപങ്കാളിത്തത്തിലാണ്. മുൻ ഗ്രാമസഭയിൽ 441 പുരുഷൻമാർ പങ്കെടുത്തുവെങ്കിൽ 06/2015 ലെ ഗ്രാമസഭയിൽ 828 പേർ പങ്കെടുത്തു. പുരുഷ പങ്കാളിത്തം ഇരട്ടിയായി. ഇത് പ്രകടമായ ഒരു മാറ്റമാണ്. 10% ഹാജർ തികയ്ക്കാൻ നെട്ടോട്ടമോടിയിരുന്ന പഞ്ചായത്ത് മെമ്പർമാർ വളരെ തൃപ്തികരമായ ഒരു ജന പങ്കാളിത്തം ഉറപ്പ് വരുത്താൻ കഴിഞ്ഞുവെന്ന സന്തോഷത്തിലാണ്.

അയൽ സഭകളും വാർഡ് വികസന സമിതികളും സജീവമായതോടെ ചില നൂതന പരിപാടികൾ ആവിഷ്ക്കരിക്കാനും പുതുതായി വന്ന ഭരണ സമിതി തുടക്കമിട്ടു കഴിഞ്ഞു. 88 അയൽ സഭകളിലും യുവജനസഭകൾ രൂപീകരിക്കുകയും, അവരുടെ പ്രതിനിധികളായ 176 പേരെ ഉൾപ്പെടുത്തി 'സേവാഗ്രാം യൂത്ത് പാർലമെന്റ്' സംഘടിപ്പിച്ചതാണ് ഇതിൽ നൂതനമായ ആശയം. യൂത്ത് പാർലമെന്റിൽ യുവതി -യുവാക്കൾക്കായി ക്ലാസുകൾ നടത്തുകയുണ്ടായി. വിവിധ വിഷയങ്ങളിൽ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാനും, കാമ്പയിൻ നടത്താനുമായി അഞ്ച് ഉപസമിതികൾ രൂപീകരിക്കുയും ചെയ്തു.

- അവയവദാനം/രക്ത ദാനം/ ലഹരി വിരുദ്ധ ബോധവൽക്കരണം
- സമ്പൂർണ്ണ ജൈവ പച്ചക്കറി
- മാലിന്യ നിർമാർജ്ജനം ഊർജ്ജ സംരംക്ഷണ പ്രവർത്തനങ്ങൾ
- പി.എസ്.സി കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കൽ
- കായിക പരിശീലനം, യോഗ, സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

ഉപസമിതികൾക്കായി നേതൃത്വ പരിശീലന പരിപാടികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. അപേക്ഷകൾ സേവാഗ്രാം വഴി സ്വീകരിക്കുന്നതും, പഞ്ചായത്തിന്റെ അറിയിപ്പുകൾ താഴെ തട്ടിൽ എത്തിക്കാൻ കഴിയുന്നതും, തട്ടിക്കൂട്ട് ഗുണഭോക്തൃ സമിതികൾ ഒഴിവാക്കി യഥാർത്ഥ ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ മുന്നോട്ട് വരുന്നതും തുടങ്ങി ഒട്ടേറെ നേട്ടങ്ങൾ ഈ സംവിധാനത്തിനുണ്ടെന്ന് പ്രസിഡന്റും, സെക്രട്ടറിയും അഭിപ്രായപ്പെട്ടു. അയൽ സഭകളുടെ കൈവശം മുഴുവൻ കുടുംബങ്ങളുടേയും വ്യക്തിഗത വിവരങ്ങൾ രേഖാമൂലം ശേഖരിച്ച് സൂക്ഷിക്കാൻ കഴിഞ്ഞിട്ടുള്ളതിനാൽ ഗുണഭോക്തൃ നിർണ്ണയം സുതാര്യവും കാര്യക്ഷമവുമാക്കാൻ കഴിഞ്ഞതായാണ് പ്രസിഡന്റ് അവകാശപ്പെടുന്നത്.

സ്വന്തം നിലയിൽ പാഠപുസ്തക വിതരണം, ക്യാൻസർ ഡിറ്റക്ഷൻ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന അയൽ സഭകൾ വർദ്ധിച്ചുവരുന്നതായാണ് മെമ്പർമാരിൽ ചിലർ അറിയിച്ചത്.

എങ്കിലും ചില ന്യൂനതകളും പാകപ്പിഴകളും പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിൽ പ്രധാനമായത് 25 വാർഡ് വികസന സമിതിയിൽ അഞ്ചോ, ആറോ അയൽ സഭകളിൽ നിന്ന് വന്ന 10-12 അംഗങ്ങൾ ഒഴികെ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഭൂരിപക്ഷവും രാഷ്ട്രീയ പരിഗണനയുടെ അടിസ്ഥാനത്തിൽ വന്നവരാണ് എന്നതാണ്. വിദഗ്ദരും മറ്റും വളരെ കുറവായാണ് തിരഞ്ഞെടുക്കപ്പെട്ടത്. ഇത് മൂലം വാർഡ് വികസന സമിതിയിലെ പങ്കാളിത്തം ഒരോ മീറ്റിംഗ് കഴിയുമ്പോഴേക്കും കുറഞ്ഞുവരുന്നു. അയൽ സഭാ പ്രതിനിധികൾ മാത്രം സ്ഥിരമായി എത്തുകയും മറ്റുള്ള പ്രതിനിധികൾ സ്ഥിരമായി വിട്ടുനിൽക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്.

പദ്ധതി മോണിട്ടറിംഗിൽ അയൽ സഭകൾക്കും, വാർഡ് വികസന സമിതികൾക്കും വ്യക്തമായ പങ്കാളിത്തം നിർണ്ണയിച്ചിട്ടില്ല എന്നതും ഒരു പോരായ്മയാണ്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത ഉണ്ടാകേണ്ടതുണ്ട്.

പൗരശാക്തീകരണത്തിന്റെ കാഹളം മുഴങ്ങി കഴിഞ്ഞു. ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കു ശേഷം അധികാര വികേന്ദ്രീകരണ രംഗത്തെ ധീരമായ ചുവടുവെയ്പ്പാണ് അയൽ സഭ രൂപീകരണം എന്ന് നിസ്സംശയം പറയാം. പൗരശാക്തീകരണത്തിലൂടെ ഗ്രാമസ്വരാജ് എന്ന ലക്ഷ്യം കൈവരിക്കാൻ നൂതനങ്ങളായ ആശയങ്ങളുമായി പുതിയ ജന പ്രതിനിധികൾ കടന്നുവരും എന്ന പ്രതീക്ഷയാണ് ഉള്ളത്.

*റിട്ട. പഞ്ചായത്ത് അഡീഷണൽ ഡയറക്ടറാണ് ലേഖകൻ*

സർക്കുലർ

# കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

സംസ്ഥാനത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും, തുടർന്ന് ഇവ കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എങ്കിലും ഇപ്പോഴും കെട്ടിടനിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പല തദ്ദേശ സ്ഥാപനങ്ങളിലും വ്യത്യസ്ത രീതികളാണ് അവലംബിച്ചു വരുന്നതെന്നും, തെറ്റായ നടപടിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, ഫയലുകളും രജിസ്റ്ററുകളും, റിപ്പോർട്ടുകളും ശരിയായി തയ്യാറാക്കുന്നതിലും പാലിക്കുന്നതിലും അപാകതകൾ കണ്ട് വരുന്നെന്നും ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വസ്തുതകൾ കണക്കിലെടുത്ത് കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിക്കുന്നതിൽ കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി സർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ് എന്നും സർക്കുലറിൽ പറയുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20.6.2007 ലെ 24136/ആർ.എ 1/2007തസ്വഭവ നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. രജിസ്റ്ററിലെ പേജ് നമ്പർ, നമ്പർ ക്രമത്തിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിലെ വരികളെല്ലാം പൂർണ്ണമായി വിനിയോഗിക്കേണ്ടതാണ്. രേഖപ്പെടുത്തലുകൾക്കിടയിൽ ശൂന്യമായി ഇടുന്ന പേജുകളും വരികളും റദ്ദു ചെയ്ത് ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
2. കെട്ടിടനിർമ്മാണ അപേക്ഷകൾ (പെർമിറ്റ്/ക്രമവൽക്കരണം/ഒക്കുപ്പൻസി) ഫ്രണ്ട് ഓഫീസിൽ അപേക്ഷാ ഫീസ് സഹിതം സ്വീകരിക്കേണ്ടതും, ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. അപ്പൻഡിക്സ് എ- യിലുള്ള എല്ലാ കെട്ടിടനിർമ്മാണ അപേക്ഷകളും, അപൂർണ്ണമോ, അപാകതയുള്ളതോ ആണെങ്കിൽകൂടി ആയത് കറണ്ട് നമ്പറിന്റെ ക്രമത്തിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സമയക്രമത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. രജിസ്റ്ററിലെ കോളം 1 ൽ ക്രമനമ്പരും, കോളം 2 ൽ കറണ്ട് നമ്പരും, ഓഫീസിൽ അപേക്ഷ ലഭിച്ച തീയതിയും നിർബന്ധമായും ചേർത്തിരിക്കണം.
3. ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്കുപ്പൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്.
4. കെട്ടിടനിർമ്മാണ അപേക്ഷാ ഫയലിൽ നോട്ട് ഭാഗവും, കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.
5. കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ (വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ മുതലായവയടക്കം) ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. പേജുകൾ വേർപെട്ടും പിൻ ചെയ്തും മറ്റു പേജുകളിൽ ഒട്ടിച്ചും ഫയലുകളിൽ വയ്ക്കുന്ന പ്രവണത അവസാനിപ്പിക്കണം. നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും പരസ്പരാമർശമുള്ളതായിരിക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജ് നമ്പരും രേഖപ്പെടുത്തേണ്ടതാണ്.
6. അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാ

റാക്കുന്ന റിപ്പോർട്ടിൽ, പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ., നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിർമ്മാണ നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവ്വെ/റീസർവ്വെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നതു സംബന്ധിച്ച കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോയെന്നത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമെങ്കിൽ റിപ്പോർട്ടിനായി ഒരു മാതൃകാ ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്. ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതാണ്.

7. ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെ നോട്ടിൽ ഉടമസ്ഥതയ്ക്ക് ആധാരമായ രേഖകളുടെ പരിശോധന, അപേക്ഷന്റെ ഉടമസ്ഥാവകാശം, അപേക്ഷയിലെ ഭൂമിയിലെ നിർമ്മാണാവകാശം എന്നിവ സംബന്ധിച്ച് പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്ന പക്ഷം പെർമിറ്റ് ഫീസ്/കോമ്പൗണ്ടിംഗ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ നോട്ടിൽ വ്യക്തമാക്കേണ്ടതും പെർമിറ്റ് നിരസിക്കുന്ന പക്ഷം വ്യക്തമായ കാരണങ്ങൾ നോട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.
8. 30.12.2012 ലെ നമ്പർ 59177/ആർ.എ. 1/2013/തസ്വഭവ, 30.12.2013 തീയതിയിലെ നമ്പർ 75419/ആർ.എ. 1/2013/തസ്വഭവ എന്നീ സർക്കുലറുകളിൽ അനുശാസിക്കും പ്രകാരം ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്/സീൽ പതിപ്പിക്കേണ്ടതാണ്.
9. അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമാക്കിയിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകനു നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിരിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധമായി ഫയലിലെ നോട്ട് ഭാഗത്തും കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.
10. കെട്ടിട നിർമ്മാണ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലുകൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
11. സാങ്കേതിക വിഭാഗത്തിന്റെയും ബന്ധപ്പെട്ട സെക്ഷനിലെയും പരിശോധനയ്ക്കുശേഷം അനുമതി നൽകാവുന്നതാണെങ്കിൽ ഫയൽ പെർമിറ്റ് അധികാരിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും അംഗീകാരം നൽകാവുന്നതെങ്കിൽ പെർമിറ്റ് ഫീസ് അടയ്ക്കുന്നതിനു അപേക്ഷകനു നിർദ്ദേശം നൽകുന്നതിനു അധികാരി ഉത്തരവാകേണ്ടതുമാണ്.
12. 22.08.2014 ലെ 46871/ആർ.എ. 1/2014 തസ്വഭവ നമ്പർ സർക്കുലറിൽ അനുശാസിക്കും പ്രകാരം പെർമിറ്റ് അനുവദിക്കുന്നതിനു മുമ്പായി കെട്ടിട നിർമ്മാണ ചടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മുൻകൂർ അനുമതികൾ എല്ലാം ലഭ്യമാക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത അനുമതികളുടെ നമ്പരും തീയതിയും പെർമിറ്റിലും അപ്രൂവ്ഡ് പ്ലാനിലും രേഖപ്പെടുത്തേണ്ടതുമാണ്.
13. മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക എന്നിവ ഫയലിൽ രേഖപ്പെടുത്തി, കരടു പെർമിറ്റ് തയ്യാറാക്കി രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയും ഫീസ് അടവും രജിസ്റ്റർ ഒത്തുനോക്കി പരിശോധിച്ച് അധികാരി പെർമിറ്റ് അംഗീകരിക്കാവുന്നതാണ്. അംഗീകൃത പ്ലാനുകളിൽ പെർമിറ്റ് നമ്പർ, തീയതി വ്യവസ്ഥകൾ (ഉണ്ടെങ്കിൽ), കാലാവധി, പെർമിറ്റ് ഫീസ് വിശദാംശങ്ങൾ എന്നിവ പെർമിറ്റ് അധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിൽ പെർമിറ്റ് നമ്പർ, തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. തുടർന്ന് അപേക്ഷകന് അംഗീകൃത പ്ലാനുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പെർമിറ്റ് എന്നിവ നൽകേണ്ടതാണ്.
14. 13.02.2012 ലെ 818/ആർ.എ. 3/2012/ തസ്വഭവ നമ്പർ സർക്കുലറിൽ കെട്ടിട നിർമ്മാണ അപേക്ഷകളിൽ സൂക്ഷ്മപരിശോധന നടത്തിയ ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിച്ചുകൊണ്ടു മാത്രമേ നിർമ്മാണാനുമതി നൽകാവൂ എന്ന് അനുശാസിക്കുന്നു. ഇത് പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടേതാണ്.
15. കെട്ടിട നിർമ്മാണ അനുമതി പത്രത്തിന്റെയും (പെർമിറ്റ്), അംഗീകൃത പ്ലാനുകളുടെയും കോപ്പി നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അംഗീകൃത പ്ലാനിലും പെർമിറ്റിലും, പെർമിറ്റ് നമ്പർ, വ്യവസ്ഥകൾ, കാലാവധി, നിരാക്ഷേപ പത്രങ്ങളുടെ വിവരങ്ങൾ, ലേ ഔട്ട് അംഗീകാരത്തിന്റെ വിശദാംശങ്ങൾ (ആവശ്യമെങ്കിൽ) അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥരുടെ ഒപ്പും പേരു വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.
16. കെട്ടിട നിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീ

തിയിൽ കെട്ടിട നിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ട താണ്. കൂടുതൽ രേഖകൾ/ വിശദാംശങ്ങൾ ആവ ശ്യമുള്ള പക്ഷം അപേക്ഷകനെ യഥാസമയം രേഖാ മൂലം അറിയിക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് കറസ്പോണ്ടൻസ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

17. കെ.എം.ബി.ആർ.ലെ ചട്ടം 143, കെ.പി.ബി.ആർ. ചട്ടം 134 പ്രകാരമുള്ള ക്രമവൽക്കരണ അപേക്ഷയിൽ അപേക്ഷാഫോറം, അപേക്ഷാഫീസ്, ക്രമവൽക്കര ണം അനുവദിക്കുന്നതോ നിരസിക്കുന്നതോ ആയ അറിയിപ്പ്, കോമ്പൗണ്ടിംഗ് ഫീസ്, അപ്പൻഡിക്സ് ഐയിലുള്ള ക്രമവൽക്കരണ ഉത്തരവ്, അപ്പൻഡിക് സ് ജെ യിലുള്ള രജിസ്റ്റർ മുതലായവ ബാധകമായ രീതിയിൽ ഉറപ്പാക്കേണ്ടതാണ്.

18. അനുവദിക്കപ്പെട്ട പെർമിറ്റ് കെ.എം.ബി.ആർ.ലെ ചട്ടം 15 എ/കെ.പി.ബി.ആർ.ലെ ചട്ടം 17 പ്രകാരം നീട്ടുന്നതിനോ (എക്സ്റ്റൻഷൻ) പുതുക്കുന്നതിനോ (റിന്യൂവൽ) അപേക്ഷ കാലേക്കൂട്ടി സമർപ്പിക്കപ്പെടു ന്നുവെന്നും സമയപരിധിക്കുള്ളിൽ തന്നെ നീട്ടിയ/പു തുക്കിയ പെർമിറ്റ് അനുവദിക്കപ്പെടുന്നുവെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. കാലതാമസമുണ്ടാ കുന്ന പക്ഷം മതിയായ വിശദീകരണം ഫയലിൽ രേ ഖപ്പെടുത്തേണ്ടതാണ്. നീട്ടിയ/പുതുക്കിയ പെർമിറ്റ് അനുവദിക്കപ്പെടുന്നുവെന്നും സെക്രട്ടറി ഉറപ്പാക്കേ ണ്ടതാണ്. കാലതാമസമുണ്ടാകുന്ന പക്ഷം മതിയായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. നീട്ടിയ/പുതുക്കിയ പെർമിറ്റിൽ കാലഹരണപ്പെട്ട പെ ർമിറ്റിന്റെ പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. പെ ർമിറ്റിന്റെ കാലാവധി നീട്ടുന്നതായുള്ള സാക്ഷ്യപത്ര ങ്ങൾ, കാലഹരണപ്പെട്ട പെർമിറ്റിൽ തന്നെ പുതിയ കാലാവധി രേഖപ്പെടുത്തലുകൾ നൽകുന്ന രീതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

19. അനുവദിക്കപ്പെട്ട പെർമിറ്റിലെ അംഗീകൃത പ്ലാനിലെ നിർമ്മാണ സ്ഥലം, സ്ഥല വിസ്തീർണ്ണം, നിർമ്മി ക്കുഹന്ന കെട്ടിടത്തിന്റെ (കെട്ടിടങ്ങളുടെ) വിസ് തീർണ്ണം, ഉയരം, ഉപയോഗം, സ്ഥാനം, നിലകളുടെ എണ്ണം, കെട്ടിടങ്ങളുടെ ലേ ഔട്ട് മുതലായവയിൽ എന്തെങ്കിലും വ്യതിയാനം (ചട്ടം കെ.എം.ബി.ആർ/ കെ.പി.ബി.ആർ 10 നു കീഴിൽ അനുവദനീയമായ പ്രവൃത്തികൾ ഒഴികെയുള്ളവ) ഉണ്ടെങ്കിൽ പുതിയ പെർമിറ്റാണ് നൽകേണ്ടത്. പെർമിറ്റ് നീട്ടിക്കൊ ടുക്കുകയോ പുതുക്കുകയോ ചെയ്യാവുന്നതല്ല. ഇതിലേക്കുള്ള അപേക്ഷ പുതിയ അപേക്ഷയായി പരിഗണിക്കേണ്ടതും പുതിയ പെർമിറ്റ് അനുവദി ക്കുന്ന രീതിയിലെ ചട്ടങ്ങൾ ബാധകമാക്കുകയും ചെയ്യേണ്ടതാണ്.

20. നിലവിൽ സാധുവായ പെർമിറ്റുള്ള പ്ലോട്ടിൽ മറ്റൊ രു നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും (പൂർത്തിയായവയുടെ നമ്പർ, നിർമ്മാണത്തിലി രിക്കുന്നവയുടെ പെർമിറ്റ് നമ്പർ, ഇവ സഹിതം) പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഒരേ സ്ഥാനത്ത് സാധുവായ രണ്ടു പെർമിറ്റുകൾ ഒരേസമയം ഉണ്ടാകുവാൻ പാടുള്ളതല്ല. ആവശ്യമുള്ളപക്ഷം പെർമിറ്റ് സറ ണ്ടർ ചെയ്ത ശേഷം ആയത് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ പുതിയ പെ ർമിറ്റ് നൽകാവൂ.

21. കംപ്ലീഷൻ പ്ലാനുകളും കംപ്ലീഷൻ സർട്ടിഫിക്കറ്റും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം പരിശോധിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് സെക്രട്ടറി അപേക്ഷ കന് നൽകേണ്ടതാണ്. തുടർന്ന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ട താണ്.

22. ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച് കം പ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കപ്പെടുന്ന നിർ മ്മാണങ്ങളിൽ ഭാഗികമായുള്ള കെട്ടിട ഭാഗത്തി നു ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുമ്പോൾ പെർമിറ്റ് പ്രകാരമുള്ള പൂർത്തിയായ കെട്ടിടത്തി നു ബാധകമായ എല്ലാ ചട്ടങ്ങളും പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും ആയ ത് രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതും തുടർ നിർമ്മാണം നടത്തുന്ന മുറയ്ക്ക് അന്തിമ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതുമാണ്.

23. കെട്ടിടത്തിൽ പ്രവർത്തന ലൈസൻസ് നൽകുന്ന അവസരത്തിൽ നിർദ്ദിഷ്ട ഉപയോഗം കെട്ടിടത്തി നു അനുമതി നൽകിയ അതേ ഒക്കുപ്പൻസി വി ഭാഗത്തിൽ തന്നെയുള്ളതാണോ എന്ന് പരിശോ ധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. വിനിയോഗമാറ്റം ഉള്ളപക്ഷം കെട്ടിടം വിനിയോഗമാറ്റത്തിന് ചട്ടപ്ര കാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

24. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച വിവ രങ്ങൾ 19.5.2014 തീയതിയിസെ 29342/ആർ.എ. 1/2014/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേ ശിച്ച മാതൃകയിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. 24.07.2010 തീയതിയിലെ 22044/ആർ.എ 1/2010/തസ്വഭവ നമ്പർ സർക്കുലറിൽ നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരി ക്കേണ്ടതാണ്.

25. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥനോ രജി സ്റ്റർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണ്ണ മായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരി ക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഈ മാർഗനിർദ്ദേശങ്ങൾ ഉൾപ്പെട്ട സർക്കുലർ www.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ച് ഏകദേശം അഞ്ച് പതിറ്റാണ്ടുകൾക്ക് ശേഷമാണ് അധികാര വികേന്ദ്രീകരണം സാധ്യമാക്കാനായത്. അധികാര വികേന്ദ്രീകരണം ഇരുപത് വർഷം പിന്നിടുമ്പോൾ പോരായ്മകളെക്കാൾ നേട്ടങ്ങൾ തന്നെ മുന്നിട്ടു നിൽക്കുന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം. 73,74 ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വർദ്ധിച്ച അധികാരം നൽകിയതും ആയത് കേരളം നടപ്പിലാക്കിയ രീതിയും ത്രിതല പഞ്ചായത്ത് സർക്കാറുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയതിലൂടെ ഉണ്ടായ പുരോഗതിയും ഇന്ത്യക്ക് മാത്രമല്ല, ലോകത്തിന് തന്നെ മാതൃകയാണ്.

ഒരോ തദ്ദേശവാസികളുടെയും ആവശ്യങ്ങൾ കണ്ടെത്തി മുൻഗണന നിശ്ചയിച്ച് അവർക്ക് അനുരൂപമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാനായി എന്നതാണ് ഏറ്റവും വലിയ നേട്ടം. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാനധനകാര്യ കമ്മീഷൻ, ജില്ലാ ആസൂത്രണ സമിതികൾ എന്നിവയും നിലവിൽ വന്നു. 5 വർഷം കൂടുമ്പോൾ കൃത്യമായി തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണ സമിതികൾ അധികാരമേൽക്കുന്നതും വനിതസംവരണവും പട്ടികജാതി സംവരണവും ഏർപ്പെടുത്തിയതും നേട്ടങ്ങൾ തന്നെയാണ്. വനിതസംവരണം വഴിയും കുടുംബശ്രീ വഴിയും സ്ത്രീശാക്തീകരണ രംഗത്ത് വൻമുന്നേറ്റമുണ്ടായി. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ 33 ശതമാനം സ്ത്രീസംവരണം നടപ്പിലാക്കിയപ്പോൾ 50 ശതമാനം സ്ത്രീ സംവരണം നൽകി നമുക്ക് എല്ലാവരേക്കാളും മുന്നിൽ നടക്കാൻ കഴിഞ്ഞു. തദ്ദേശസ്ഥാപനങ്ങളുടെ അദ്ധ്യക്ഷ പദവികളിലും സ്റ്റാൻഡിംങ്ങ് കമ്മിറ്റി പദവികളിലും സംവരണം ഏർപ്പെടുത്താനായത് അധികാര വികേന്ദ്രീകരണ പ്രസ്ഥാനത്തെ കൂടുതൽ മികവുറ്റതാക്കി.

ഗതാഗത, കുടിവെള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായതും, ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കാനായതും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത് രാജ് സംവിധാനങ്ങളുടെ ഭവന നിർമ്മാണ രംഗത്തെ കാര്യമായ ഇടപെടലുകളിലൂടെ ദാരിദ്ര്യലഘൂകരണ രംഗത്ത് കാര്യമായ മാറ്റങ്ങളുണ്ടാക്കാനായി. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഒരോ പഞ്ചായത്തിലേയും 40 ശതമാനം കുടുംബങ്ങൾക്ക് ലഭ്യമാക്കാനായിട്ടുണ്ട്. ആശ്രയ, പാലിയേറ്റീവ്

# അധികാര വികേന്ദ്രീകരണത്തിന്റെ ഇരുപത് വർഷങ്ങൾ

## നേട്ടങ്ങൾ, പരിമിതികൾ, പരിഹാരങ്ങൾ

**കെ. സിദ്ദീഖ്**





പോലെയുള്ള അഗതികൾക്കും അശരണർക്കുമുള്ള പദ്ധതികളും എടുത്തുപറയേണ്ടതാണ്.

സംസ്ഥാനപദ്ധതി അടങ്കലിന്റെ മുന്നിലൊന്നു തുക തദ്ദേശസ്ഥാപനങ്ങൾക്ക് വികസനഫണ്ടായി അനുവദിച്ചത് ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. 1997 – 1998 മുതൽ 2013–2014 വരെയുള്ള കാലയളവിൽ മൊത്തം 26705 കോടി രൂപ നമ്മുടെ ത്രിതല പ്രദേശിക സർക്കാറുകൾ ചെലവഴിക്കുകയുണ്ടായി. സംസ്ഥാന ധനകാര്യകമ്മീഷന്റെ രൂപികരണത്തോടെ സംസ്ഥാന സർക്കാർ വരുമാനത്തിന്റെ നിശ്ചിത ശതമാനം തുക കൃത്യമായി തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. രണ്ടാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം 2004 – 2005 മുതൽ നിലവിലുണ്ടായിരുന്ന എല്ലാ സർക്കാർ ഗ്രാന്റുകളും നിർത്തലാക്കി സംസ്ഥാന സർക്കാർ വരുമാനത്തിന്റെ 5.5 ശതമാനം തുക മെയിന്റനൻസ് ഗ്രാന്റ് ആയും 3.5 ശതമാനം തുക ജനറൽ പർപ്പസ് ഗ്രാന്റായും വിതരണം ചെയ്യാൻ തുടങ്ങി. ഇതിനകം 15000 കോടി രൂപ ഈ രണ്ടിനങ്ങളിലുമായി തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിലായി തദ്ദേശ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെട്ടതാക്കുന്നതിനുള്ള 1200 കോടി രൂപയുടെ KLGSDP ഗ്രാന്റും പഞ്ചായത്തുകൾക്കും, മുൻസിപ്പാലിറ്റികൾക്കും അനുവദിക്കുകയുണ്ടായി. ഇതുവഴി സേവനപ്രദാന സംവിധാനങ്ങൾ ഒരു പരിധിവരെ മെച്ചപ്പെടുത്താനായിട്ടുണ്ട്.

നാലാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം തനത് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് ഇൻസെന്റീവ് അനുവദിച്ച് വരുന്നു. എന്നാൽ എളുപ്പം നഗരവൽക്കരണം നടക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിശ്രമം കൂടാതെ തന്നെ ഈ ഫണ്ട് ലഭ്യമാകുന്നുണ്ട്. ഇതിന് മാറ്റം വരുത്തി 100 ശതമാനം നികുതി പിരിവ് ലക്ഷ്യം കൈവരിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രത്യേക ഇൻസെന്റീവ് അനുവദിക്കണം. ഇത് മൂലം തനത് നികുതി വരുമാനം പൂർണ്ണമായി പിരിച്ചെടുക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് താൽപ്പര്യമുണ്ടാക്കനാകും. തദ്ദേശ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച തോതിലുള്ള ഫണ്ട് ലഭ്യമായപ്പോൾ തനത് നികുതി വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം വളരെ കൂടുതലാണ്. പ്രതിശീർഷ വരുമാനം 130 രൂപയോളം വരുന്നുണ്ട്.

ഒമ്പത്, പത്ത്, പതിനൊന്നാം പദ്ധതികളിൽ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകൾക്ക് നിശ്ചിത ശതമാനം പദ്ധതി വിഹിതം മാറ്റിവെയ്ക്കണമെന്ന നിബന്ധനയുണ്ടായിരുന്നു. എന്നാൽ 12–ാം പഞ്ചവത്സര പദ്ധതിയിൽ മേഖല വിഭജനം നിർബന്ധമല്ലാതാക്കിയതോടെ ഉൽപ്പാദന മേഖലയിലുള്ള ചെലവ് കുറഞ്ഞത് നാം ഉൽക്കണ്ഠയോടെ നോക്കി കാണണം. 2011–2012 വർഷത്തിൽ കേരളത്തിൽ മൊത്തം 15 ശതമാനം തുക ഉൽപ്പാദന മേഖലയിൽ ചെലവഴിച്ചെങ്കിൽ 2012–2013 വർഷം അത് 9 ശതമാനമായി കുറഞ്ഞു. നെൽകൃഷിയുടെ ഉൽപ്പാദനത്തിലുണ്ടായ കുറവ് ഗൗരവമായി കാണണം. റബർ പോലെയുള്ള നാണ്യ വിളകളിൽ മാത്രമാണ് ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുള്ളത്.

ഇത്രയെങ്കിലും നെല്ലുൽപ്പാദനം നിലനിർത്തുന്നത് നമ്മുടെ തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടൽ മൂല മാണ്. എന്നിരുന്നാലും കൃത്യമായ മോണിറ്ററിംഗ് ഇല്ലാത്തത് മുതൽ മുടക്കിൽ നല്ലൊരു പങ്കും പാഴായി പോവാൻ ഇടയാക്കുന്നുണ്ട്. കാർഷിക വ്യവസായ മേഖലകളിലെ മുതൽ മുടക്കാണ് മിക്കവാറും ഫല പ്രാപ്തിയിൽ എത്താത്തതിൽ ഭൂരി ഭാഗവും. കാർഷിക യന്ത്രങ്ങളും വ്യവസായ കെട്ടിടങ്ങളും ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളിലും പാഴ്ച്ചെല വിനു കാരണമായിട്ടുണ്ട്.

പൊതുജനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്ത ഭരണ ത്തിൽ നേരിട്ട് ഇടപെടാൻ അവസ രം നൽകുന്നതാണ് ഗ്രാമസഭകൾ. എന്നാൽ ഗ്രാമസഭകളിലെ കുറഞ്ഞു വരുന്ന പങ്കാളിത്തമാണ് ഏറ്റവും വലിയ പ്രശ്നം. ഗ്രാമസഭയുടെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ടി പഞ്ചായ ത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നടത്തിയ ഗ്രാമയാത്ര ശ്ലാഘനീയമാണ്. ഗ്രാമസഭ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കില പ്രത്യേക പരിശീലന പരിപാടിയും സംഘടിപ്പിക്കുകയുണ്ടായി. ഗ്രാമസഭ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ടും പഞ്ചായ ത്ത് ഒഫീസുകളുടെ സബ്സെന്ററുകളായി കൊണ്ടും എല്ലാ വാർ ഡുകളിലും ഗ്രാമസേവകേന്ദ്രങ്ങൾ തുടങ്ങണമെന്ന പന്ത്രണ്ടാം പദ്ധതി നിർദ്ദേശം ഇപ്പോഴും കടലാസിൽ ഉറങ്ങുകയാണ്. ചില പഞ്ചായത്തു കളിൽ ഗ്രാമകേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും ഉദ്ദേശലക്ഷ്യ ങ്ങൾ നിറവേറ്റുന്ന രൂപത്തിൽ പ്രവർ ത്തനം തുടങ്ങിയിട്ടില്ല. നിലവിലുള്ള ഭരണസമിതികളുടെ പ്രവർത്തനസ മയം അവസാനിക്കാറായതിനാൽ പഞ്ചായത്ത് അംഗങ്ങൾ താൽപ്പര്യം കാണിക്കാത്തതും കേന്ദ്രങ്ങളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഹോ ണറേറിയം നൽകാൻ കഴിയാത്ത തുമാണ് പ്രധാന തടസ്സങ്ങളായി നിൽക്കുന്നത്. എന്നിരുന്നാലും എല്ലാ തടസ്സങ്ങളും നീക്കികൊണ്ട് ഗ്രാമസേവ കേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങേണ്ടതുണ്ട്.

17 വകുപ്പുകളിലെ ഉദ്യോഗ സ്ഥരെ തദ്ദേശസ്ഥാപനങ്ങൾക്ക് വിട്ടു തരികയും പദ്ധതികളുടെ നിർ വഹണ ഉദ്യോഗസ്ഥരാക്കുകയും ചെയ്തതു വിപ്ലവകരമായ ഒരു മാ റ്റമായിരുന്നു. എന്നിരുന്നാലും ഈ ഉദ്യോഗസ്ഥരിൽ തദ്ദേശസ്ഥാപന അധികാരികൾക്ക് വേണ്ടത്ര നിയന്ത്ര ണാധികാരം ഇല്ലാത്തത് ഇപ്പോഴും പോരായ്മയായി നിലനിൽക്കുന്നു. സെൻകമ്മിറ്റി ശുപാർശ പ്രകാരമു ള്ള ഉദ്യോഗസ്ഥ പുനർവിന്യാസവും പ്രതീക്ഷിച്ച ഗുണം ചെയ്തില്ല. വർ ദ്ധിച്ച ജോലി ഭാരത്തിനനുസരിച്ച് ഉദ്യോഗസ്ഥരെ ലഭ്യമല്ലാത്തത് മൂ ലം പല തദ്ദേശ സ്ഥാപനങ്ങൾക്കും പദ്ധതിപ്രവർത്തനങ്ങളും അനിവാ ര്യ ചുമതലകളും യഥാവിധി നിർവ്വ ഹിക്കാൻ കഴിയുന്നില്ല. സെക്രട്ടറി യും, ജീവനക്കാരും പദ്ധതിനിർവ്വഹ ണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു മൂലം പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ തൃപ്തികരമായി നിറ വേറ്റുവാൻ കഴിയാത്ത സാഹചര്യ മാണുള്ളത്. അസിസ്റ്റന്റ് സെക്രട്ടറി



തസ്തിക സൃഷ്ടിച്ചതിന് ശേഷവും സെക്രട്ടറിമാരുടെ ജോലി ഭാരത്തിന് കാര്യമായ കുറവൊന്നും വന്നിട്ടില്ല. റവന്യുവിഭാഗത്തിന്റെ മൊത്തം ഉത്തരവാദിത്തം അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് നൽ കിയാൽ തനത്വരുമാനം നല്ല രീതിയിൽ വർദ്ധിപ്പിക്കാനും പിരിച്ചെടുക്കാനും കഴിയും. എല്ലാ പഞ്ചായത്തുകളിലും ഒരോ ക്ലാർക്ക്മാരുടെ തസ്തികകൾ സൃഷ്ടിക്കുക എന്ന രീതിയാണ് 1997 ലും 2013 ലും സർക്കാരുകൾ സ്വീകരിച്ചത്. എന്നാൽ ഫ്രണ്ട് ഓഫീസിലെ തപാലുകളുടെ എണ്ണത്തിനനുസരിച്ച് ജോലി ഭാരം കണക്കാക്കി ആവശ്യത്തിന് ഉദ്യോഗസ്ഥരെ പഞ്ചായത്തുകളിൽ ലഭ്യമാക്കിയാൽ മാത്രമേ തൃപ്തികരമായി ജനങ്ങൾക്ക് സേവനം നൽകാൻ കഴിയൂ.

**ഏറ്റവും വലിയ വെല്ലുവിളിയായി നമ്മുടെ പ്രാദേശിക സർക്കാരുകൾക്കു മുന്നിലുളളത് മാലിന്യ സംസ്ക്കരണം തന്നെയാണ്. തൃപ്തികരവും പ്രവർത്തനക്ഷമവുമായ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഇന്ന് കേരളത്തിലുളളത് വളരെ കുറച്ച് തദ്ദേശസ്ഥാപനങ്ങൾക്ക് മാത്രമാണ്. കേരളത്തിലെ കോർപ്പറേഷനുകളിലേയും മുൻസിപ്പാലിറ്റികളിലേയും മാലിന്യ സംസ്ക്കരണകേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ഭയന്ന് ഇന്ന് ഒരു പഞ്ചായത്തിലും മാലിന്യ സംസ്ക്കരണത്തിന് സ്ഥലം കണ്ടെത്താൻ കഴിയാത്ത അവസ്ഥയുണ്ട്.**

ഏറ്റവും വലിയ വെല്ലുവിളിയായി നമ്മുടെ പ്രാദേശിക സർക്കാരുകൾക്കു മുന്നിലുള്ളത് മാലിന്യ സംസ്ക്കരണം തന്നെയാണ്. തൃപ്തികരവും പ്രവർത്തനക്ഷമവുമായ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഇന്ന് കേരളത്തിലുള്ളത് വളരെ കുറച്ച് തദ്ദേശസ്ഥാപനങ്ങൾക്ക് മാത്രമാണ്. കേരളത്തിലെ കോർപ്പറേഷനുകളിലേയും മുൻസിപ്പാലിറ്റികളിലേയും മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ഭയന്ന് ഇന്ന് ഒരു പഞ്ചായത്തിലും മാലിന്യ സംസ്ക്കരണത്തിന് സ്ഥലം കണ്ടെത്താൻ കഴിയാത്ത അവസ്ഥയുണ്ട്. സമീപ വാസികളുടെ ഭീതി അകറ്റാനുള്ള എല്ലാ ശ്രമങ്ങളും പാഴാകുന്ന അവസ്ഥയാണ് എല്ലായിടത്തുമുള്ളത്. മാലിന്യസംസ്ക്കരണം തദ്ദേശസ്ഥാപനങ്ങളുടെ മാത്രം കടമയാണെന്നും പൊതുജനങ്ങൾക്ക് യാതൊരു പങ്കില്ലെന്നുമുള്ള പൊതു സമൂഹത്തിന്റെ കാഴ്ചപ്പാടും അതിന് കുട പിടിക്കുന്ന മാധ്യമ സംസ്ക്കാരവും മാറിയേ തീരൂ. റോഡും, പാലങ്ങളും കെട്ടിടങ്ങളും മറ്റ് എല്ലാ മേഖലയിലുള്ള പദ്ധതികളും തദ്ദേശ സ്ഥാപനങ്ങൾക്ക് നടപ്പാക്കാൻ കഴിയുമെങ്കിലും മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ വിജയകരമായി നടത്തിക്കൊണ്ടു പോകണമെങ്കിൽ എല്ലാ പൊതുജനങ്ങളുടെയും സഹകരണം വേണമെന്ന സത്യം പൊതുജനങ്ങളെ അംഗീകരിപ്പിക്കണം. തങ്ങളുടെ 5 വർഷം എങ്ങനെയെങ്കിലും തളളി നീക്കണമെന്ന് വിചാരിക്കുന്ന ഭരണകർത്താക്കളാണ് അധികവും. സ്ഥിരമായ ഒരു മാലിന്യ സംസ്ക്കരണ സംവിധാനത്തിന് വേണ്ടി ഗൗരവമായ ആലോചന നമ്മുടെ ഭരണകർത്താക്കൾ കൈകൊള്ളേതുണ്ട്. പൊതുജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് എല്ലാവരും ഒരുമിച്ച് മുന്നിട്ടിറങ്ങണം. സങ്കുചിത രാഷ്ട്രീയ അതിപ്രസരവും പല സ്ഥലങ്ങളിലും ഈ മേഖലയിൽ എതിരായി നിൽക്കുന്നു. ഭൂമിയുടെ ഫെയർവാല്യുവിന് അനുസരിച്ച് ഭൂമി ലഭിക്കാത്തതും ഏറ്റവും വലിയ പ്രശ്നമാണ്. മാർക്കറ്റ് വിലയ്ക്ക് ഭൂമി വാങ്ങുന്നതിന് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യണം.

ശ്മശാനം, അറവു ശാല എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ പദ്ധതി അംഗികാരം ലഭിക്കൂ എന്ന നിബന്ധന വെച്ചിട്ടും ഈ സൗകര്യങ്ങൾ ഭൂരിഭാഗം തദ്ദേശ സ്ഥാപനങ്ങളിലും ലഭ്യമാക്കാനായിട്ടില്ല. 90 ശതമാനം തദ്ദേശ സ്ഥാപനങ്ങളിലും പൊതു ശ്മശാനങ്ങൾ ഉണ്ടെങ്കിലും വിരലിൽ എണ്ണാവുന്ന തദ്ദേശ സ്ഥാപനങ്ങളിൽ മാത്രമാണ് ആധുനിക രീതിയിലുള്ള അറവുശാലകളുള്ളത്.

ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പരിശീലനത്തിനായി കിലയും ഇ-ഗവേണൻസിനായി ഇൻഫർമേഷൻ കേരളമിഷനും ശുചിത്വ പരിപാലനത്തിനായി ശുചിത്വ മിഷനും പ്രവർത്തിച്ച് വരുന്നു. കില വിവിധ വിഷയങ്ങളിൽ നൽകിയ പരിശീലനങ്ങൾ അധികാരവികേന്ദ്രികരണ പ്രസ്ഥാനം നല്ല രീതിയിൽ മുന്നോട്ട് പോകുന്നതിന് സഹായിച്ചിട്ടുണ്ട്. ഇ-ഗവണേൻസിന്റെ സാധ്യതകൾ മുതലെടുത്ത് പദ്ധതി പ്രവർത്തനങ്ങളും മറ്റു തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങളും ഇന്ന് പൊതുജനങ്ങൾക്ക് വിരൽ തുമ്പിൽ ലഭ്യമാണ്. ഇൻഫർമേഷൻ കേരളമിഷന്റെ വിവിധ സോഫ്റ്റ്വെയറുകളുടെ സഹായത്താൽ പദ്ധതി പ്രവർത്തനവും, മറ്റ് ഓഫീസ് പ്രവർത്തനങ്ങളും സുഗമമായിട്ടുണ്ടെങ്കിലും ആയത് കൂടുതൽ കാര്യക്ഷമവും കാലികവുമാക്കേണ്ടതുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്തും സ്ത്രീശാക്തീകരണ രംഗത്തും നമ്മുടെ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. ലോകം മുഴുവൻ നമ്മുടെ കുടുംബശ്രീ പ്രസ്ഥാനത്തെയാണ് മാതൃകയായി നോക്കിക്കാണുന്നത്. പ്രാദേശികതലത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ സഹായിക്കുന്ന ഒരു ഏജൻസിയായി കുടുംബശ്രീ വളർന്നു കഴിഞ്ഞു. ഏറ്റവും ദുർബല വിഭാഗങ്ങൾ ഇപ്പോഴും കുടുംബശ്രീയിൽ സജീവമല്ല എന്നതും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലും കുടുംബശ്രീ സംവിധാനം വേണ്ടത്ര വേരോടിയിട്ടില്ല എന്നതും പോരായ്മ തന്നെയാണ്.

പന്ത്രണ്ടാം പദ്ധതിയിൽ പ്രോജക്ടുകളുടെ അംഗീകാരം നൽകുന്ന ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പും സാങ്കേതികാനുമതി നൽകുന്ന ടെക്നിക്കൽ ഗ്രൂപ്പും എടുത്തു കളഞ്ഞതും പ്രോജക്ടുകൾ തയ്യാ

റാക്കുന്നതും അംഗീകാരം വാങ്ങുന്നതും ഓൺലൈനാക്കിയതുംമൂലം പദ്ധതി പ്രോജക്ടുകളുടെ അംഗീകാരം വാങ്ങിക്കുന്നത് എളുപ്പത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ജില്ലാ ആസൂത്രണ സമിതികൾക്ക് വികസന ആസൂത്രണത്തിൽ ക്രിയാത്മകമായി ഇടപെടാനുള്ള അവസരം ഇപ്പോൾ പരിമിതമാണ്. ആയത് പരിഹരിക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തണം. മുഖ്യമന്ത്രി ഇപ്പോഴും ജില്ലകളെ പ്രതിനിധീകരിച്ച് മീറ്റിംഗുകൾക്ക് വിളിക്കുന്നത് ജില്ലാകളക്ടറെയാണ്. ജില്ലാപഞ്ചായത്ത് പ്രസിഡന്റിനെയല്ല. ഇതിൽ നിന്നും ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ അധികാരം നമുക്ക് മനസ്സിലാകും. ജില്ലാഭരണാധികാരി എന്ന പദവി ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് നൽകണം.

പ്രതിപക്ഷം, പ്രതിപക്ഷ നേതാവ് എന്നിവ നമ്മുടെ അധികാര വികേന്ദ്രീകരണ പ്രസ്ഥാനത്തിൽ വിവക്ഷിച്ചിട്ടില്ലെങ്കിലും അമിതമായ രാഷ്ട്രീയ അതിപ്രസരം ഈ വ്യവസ്ഥിതിയെ പിന്നോട്ടടിക്കുന്നുണ്ട്. ആയതിന് പരിഹാരം കാണാൻ നമ്മുടെ രാഷ്ട്രീയകക്ഷികൾ വിശാല മനസ്ക്കത കാണിച്ചേ പറ്റൂ.

അധികാരവികേന്ദ്രീകരണത്തിന് ശേഷവും വളർച്ചാദുരിതാശ്വാസം പോലെയുള്ള പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകൾക്ക് കീഴിൽ നിൽക്കുന്നു എന്നത് ഒട്ടും ന്യായീകരിക്കാവുന്നതല്ല. ആയത് തദ്ദേശസ്ഥാപനങ്ങൾക്ക്നേരിട്ട് അനുവദിക്കണം.

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഒരു പരിധി വരെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനായിട്ടുണ്ട്. എന്നിരുന്നാലും ജനപങ്കാളിത്തത്തിലെ കുറവ് കുറഞ്ഞ് വരുന്നതായാണ് കണ്ടു വരുന്നത്. ആയത് വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ആവിഷ്ക്കരിക്കണം. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനങ്ങളും പ്രതീക്ഷിച്ച നിലവാരത്തിൽ എത്തിയിട്ടില്ല. സന്നദ്ധസംഘടനകളും തദ്ദേശസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധവും നിർവചിക്കേണ്ടതുണ്ട്.

ഉത്തരേന്ത്യൻ സാഹചര്യങ്ങൾക്ക് അനുസരിച്ച് രൂപപ്പെടുത്തിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും വികസനത്തിൽ താരതമ്യേന മുന്നിലുള്ള കേരളത്തിൽ നടപ്പാക്കാൻ ബുദ്ധിമുട്ടുള്ള പശ്ചാതലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓരോ സംസ്ഥാനത്തിന്റെയും സാഹചര്യങ്ങൾക്കനുസരിച്ച് ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള സ്വാതന്ത്ര്യം അതാത് സംസ്ഥാനങ്ങൾക്ക് നൽകണം. SGRY പദ്ധതിയും NREGS പദ്ധതിയുമെല്ലാം ഇതിനുദാഹരണങ്ങളാണ്. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി ഇവ നമുക്ക് മാത്രമുള്ളതല്ലയെന്നും നമ്മുടെ അടുത്ത തലമുറയ്ക്ക് കൂടിയുള്ളതാണെന്നുള്ള അവബോധം സമൂഹത്തിൽ സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. ജലാശയങ്ങൾ മാലിന്യനിക്ഷേപ കേന്ദ്രങ്ങളാക്കുന്നതും നെൽപ്പാടങ്ങളും മറ്റും വ്യാപകമായി തൂർക്കുന്നതും നാം കാണാതിരുന്നു കൂടാ. നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി തൊഴിലുറപ്പ് പദ്ധതി കൂടുതൽ പ്രയോജനകരമായി നടപ്പിലാക്കേണ്ടതുണ്ട്. കേരളീയ സാഹചര്യത്തിൽ ചെറുകിട നാമമാത്രകർഷകരുടെ നെൽകൃഷി പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കാനുള്ള സാഹചര്യം ഉണ്ടാവണം.

സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പാക്കുന്നതിന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റും, ലോക്കൽ ഫണ്ട് ഓഡിറ്റും, പെർഫോർമൻസ് ഓഡിറ്റും, ഓമ്പുഡ്സ്മാനും, ട്രിബ്യൂണലും, സോഷ്യൽ ഓഡിറ്റും ഉണ്ട്. ഇവ ഫലപ്രദമായും ക്രിയാത്മകമായും പ്രയോജനപ്പെടുത്തണം. സാമൂഹികാധിഷ്ഠിതവും ക്രിയാത്മകവുമായ മോണിറ്ററിംഗ് സംവിധാനം വികസന പ്രവർത്തനങ്ങളുടെ കാര്യപ്രാപ്തി ഉയർത്താൻ സഹായിക്കും. ഇതിനായി ഒരു തേഡ്പാർട്ടി മോണിറ്ററിംഗ് സംവിധാനം ആവിഷ്ക്കരിക്കാവുന്നതാണ്. കൂടാതെ നമ്മുടെ ഗ്രാമസഭകൾ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്ന ഒരു നല്ല നാളേക്കായും നമുക്ക് കാത്തിരിക്കാം.

നേട്ടങ്ങളോടൊപ്പം തന്നെ ഒട്ടേറെ പോരായ്മകളും നിലനിൽക്കുന്നുണ്ട്. ആയത് പരിഹരിച്ച് ഈ സംവിധാനം കൂടുതൽ മെച്ചപ്പെട്ടതാക്കി നമുക്ക് മുന്നേറേണ്ടതുണ്ട്. ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ അനുകരണീയ മാതൃക എന്ന നിലയിൽ ലോകം ഉറ്റു നോക്കുന്നത് കേരളത്തെയാണ്. അതിനായി നാം സ്വീകരിച്ച പ്രക്രിയകൾ അതിന്റെ സമുന്നത മൂല്യങ്ങളോടെ മുന്നോട്ട് കൊണ്ടുപോകാൻ നാം ബാധ്യസ്ഥരാണ്. ഇക്കാര്യത്തിൽ നമ്മുടെ സർക്കാറുകൾ എന്നും പുലർത്തിപോന്ന താൽപ്പര്യവും ജാഗ്രതയും പ്രതിബദ്ധതയും നമ്മുടെ രാജ്യത്തിനാകെ പ്രതീക്ഷ നൽകുന്നതാണ്.

*അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് ലേഖകൻ*






ഹരീഷ്.എൻ.കുന്നത്ത്

# ഗ്രാമ–നഗര സഹകരണ സാദ്ധ്യതകൾ ജൈവകൃഷിയിൽ

ജൈവകൃഷിക്ക് മുൻപെങ്ങുമില്ലാത്തവിധം പ്രാധാന്യം വർദ്ധിച്ചു കൊണ്ടിരിക്കുകയാണല്ലോ. കാർഷികോല്പാദനം വർദ്ധിപ്പിക്കാനായി തദ്ദേശ സ്ഥാപനങ്ങൾ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതൊക്കെയായിട്ടും കൃഷി ചെയ്യാൻ സമയവും താൽപര്യവുമുള്ള പലർക്കുംഅതിനുള്ള സ്ഥലം കൃഷി കണ്ടെത്താനാകാതെയും ഉൽപ്പന്നങ്ങളുടെ ന്യായവില കർഷകർക്ക് ലഭിക്കാതെയുമുള്ള സാഹചര്യങ്ങൾ പലയിടത്തും നിലനിൽക്കുകയും ചെയ്യുന്നു.

ജൈവകാർഷിക വിഭവങ്ങൾക്ക് വിപണി നഗരങ്ങളിലാണ്, എന്നാൽ കൃഷിക്കാരും കൃഷിയിടങ്ങളും ഏറെയും ഗ്രാമപഞ്ചായത്തുകളിലാണ്. നഗരസഭകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും ഈ പാരസ്പര്യം സമന്വയിപ്പിച്ച് പദ്ധതി തയ്യാറാക്കിയാൽ കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് പൊതുവെയും ജൈവകൃഷിക്ക് പ്രത്യേകിച്ചും വലിയ നേട്ടമാകുമെന്നതിൽ സംശയമില്ല.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെയും പ്രാദേശിക കൂട്ടായ്മകളുടെയും സാദ്ധ്യതകൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തി ഭൂമിശാസ്ത്രപരമായി അടുത്തുള്ള നഗരസഭയും ഗ്രാമപഞ്ചായത്തുകളും ചേർന്ന് സംയോജിത പദ്ധതി രൂപപ്പെടുത്തിയാൽ ജൈവകൃഷി രംഗത്ത് ഇന്ന് നിലനിൽക്കുന്ന പലപ്രശ്നങ്ങൾക്കും പ്രതിവിധിയാകുമെന്നതിൽ സംശയമില്ല.

### എവിടെ തുടങ്ങണം

ജൈവഗുണമുള്ള മണ്ണ്, ജലത്തിന്റെയും ജൈവവളത്തിന്റെയും ലഭ്യത, മനുഷ്യാധ്വാനം, വിപണി എന്നീ ഘടകങ്ങളാണ് ജൈവകൃഷിക്ക് അവശ്യം വേണ്ടത്. ഈ ഘടകങ്ങളെടുത്താൽ ഓരോ പ്രദേശത്തിനുമുണ്ട് അതിന്റേതായ സാദ്ധ്യതയും പരിമിതിയും. ചിലപ്പോൾ തൊട്ടടുത്ത പ്രദേശങ്ങളിൽ പോലും ഇവ പരസ്പര പൂരകങ്ങളായേക്കാം. ഗ്രാമപ്രദേശങ്ങളിൽ പരിമിതികൾക്ക് നഗരപ്രദേശങ്ങളുടെ സാദ്ധ്യതകൾ പരിഹാരമായേക്കാം. നേരെ തിരിച്ചും. ഇത് മനസ്സിലാക്കി കൊണ്ടുള്ള കർമ്മപദ്ധതിയാണ് ആവശ്യം.

### സംയോജിത കർമ്മപദ്ധതി തയ്യാറാക്കൽ

ഏതേത് മേഖലകളിൽ സഹകരണം ആവശ്യമാണെന്ന് നഗരസഭയും ചുറ്റുമുള്ള ഗ്രാമപഞ്ചായത്തും ചേർന്ന് തീരുമാനിക്കേണ്ടതുണ്ട്. ഇതിനായുള്ള കുടിയിരുപ്പുകൾക്ക് നഗരസഭകൾ മുൻകൈയ്യെടുക്കണം.



നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കോ-ഓഡിനേഷൻ സംവിധാനവും പരീക്ഷിക്കാവുന്നതാണ്.

ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും പ്രാദേശികമായ പ്രത്യേകതകളും ആവശ്യമായ വിഭവങ്ങളും പരിഗണിച്ച് പരസ്പരം സഹകരണത്തോടെ ലക്ഷ്യം നേടാനുള്ള കരട് പദ്ധതിയാണ് ആദ്യം തയ്യാറാക്കേണ്ടത്. തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും കൃഷി-മൃഗ സംരക്ഷണ മേഖലകളിലെ ഉദ്യോഗസ്ഥരുമാണ് ഈ കൂടിയിരുപ്പിൽ ഉണ്ടാകേണ്ടത്.

ഇനി പറയുന്ന മേഖലകളെ ഉൾക്കൊള്ളിച്ചതാകണം കർമ്മ പദ്ധതി

## ജൈവവളം

ജൈവകർഷകൻ നേരിടുന്ന പ്രധാന പ്രശ്നമാണ് ജൈവവളത്തിന്റെ ലഭ്യതക്കുറവ്. വിപണിയിൽ വിവിധ ബ്രാന്റുകളിൽ ലഭിക്കുന്ന വളത്തിനാവട്ടെ ഗുണനിലവാരം വളരെ കുറവും.

നഗരപ്രദേശത്തെ ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റിയോ, നേരിട്ടൊ ഉപയോഗിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിലെ ജൈവകൃഷി ഗ്രൂപ്പുകൾക്ക് അവസരം നൽകിയാൽ ഗുണമേന്മയുള്ള ജൈവവളം കൃഷിയിടങ്ങളിൽ എത്തുന്നതോടൊപ്പം ജൈവമാലിന്യങ്ങൾ വിലയേറിയ വിഭവമായി മാറുമെന്നതിലും സംശയമില്ല.

ഇതിനായി എയ്റോബിക് കംമ്പോസിറ്റിംഗ് കിയോസ്ക്കുകൾ സ്ഥാപിക്കുകയോ, ജൈവമാലിന്യങ്ങൾ കൃഷിയിടങ്ങളിലേക്ക് കൊണ്ടുപോകാൻ ഗ്രൂപ്പുകൾക്ക് സൗകര്യം ചെയ്തുകൊടുക്കുകയോ ചെയ്യാവുന്നതാണ്.

## തരിശുനിലങ്ങൾ സംഘകൃഷി ഗ്രൂപ്പുകൾക്ക്

കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സ്ഥലം ലഭിക്കാത്ത അവസ്ഥ ഗ്രാമനഗരഭേദമന്യേ ഉണ്ട്. പലപ്പോഴും കൃഷി ചെയ്യാൻ താൽപര്യമുള്ളവർ മട്ടുപ്പാവ് കൃഷിയിലും മറ്റും ഒതുങ്ങിപ്പോകുന്നു. പുരുഷ - സ്ത്രീ സ്വയം സഹായസംഘങ്ങളും, കുടുംബശ്രീ ഗ്രൂപ്പുകളുമെല്ലാം ഈ അവസ്ഥ നേരിടുന്നുണ്ട്. ഇത്തരക്കാരുടെ മനുഷ്യവിഭവശേഷിയും സമയവും പാഴാക്കാതെ ജൈവകൃഷി മേഖലയിലേക്ക് ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം. നഗരസഭകളിലെ തരിശിടങ്ങൾ ഗ്രാമപ്രദേശങ്ങളിലെ കൃഷിഗ്രൂപ്പുകളെ ഏൽപ്പിക്കാൻ തയ്യാറായാൽ അതൊരു പുതിയ കാൽവെപ്പാകും.തണ്ണീർത്തടങ്ങൾ നികത്തപ്പെടാതെ സംരക്ഷിക്കുന്നതിനും ഇത് സഹായകരമാകും.

## വിപണനം:

വിപണനത്തിന്റെ മേഖലയിലാണ് ഗ്രാമനഗരസഹകരണം ജൈവ കർഷ കർക്ക് ഏറ്റവും അനിവാര്യമാകുന്നത്. ജൈവകർഷകരും ഗ്രൂപ്പുകളും ഉല്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾക്ക് അതാത് ഇടങ്ങളിൽ വിപണി താരതമ്യേന കുറവായിരിക്കും. അതുകൊണ്ടുതന്നെ വളരെ കുറഞ്ഞ വിസ്തൃതിയിൽ മാത്രം കൃഷിയിറക്കാനെ അവർ ധൈര്യപ്പെടൂ. ഫലമോ കൃഷിയോഗ്യമായ ധാരാളം സ്ഥലങ്ങളിൽ തരിശായി കിടക്കുന്നതിന് പുറമെ ഇത്തരം കാർഷിക ഗ്രൂപ്പുകൾക്ക് കാര്യമായ നേട്ടമൊന്നും കൃഷിയിൽ നിന്ന് ലഭിക്കുന്നില്ല. കൂടുതൽ വിള ലഭിക്കുന്ന ചില ഗ്രൂപ്പുകൾക്കാകട്ടെ വിപണിയിൽ വിറ്റുപോവാതെ ആററുനോറ്റുണ്ടാക്കിയ പച്ചക്കറികൾ നശിപ്പിച്ചുകളയേണ്ട അവസ്ഥ പോലും ഉണ്ടാകാറുണ്ട്. ഗ്രാമനഗര തദ്ദേശസ്ഥാപനങ്ങൾ ഒരുമിച്ച് നിന്നാലെ ഈ അവസ്ഥയ്ക്ക് ഒരു പരിഹാരമാവൂ.

## ഗ്രാമചന്തകൾ നഗരങ്ങളിലേക്ക്

നഗരത്തിന്റെ കണ്ണായ ഇടങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ ഗ്രൂപ്പുകൾക്ക് അവരുടെ ജൈവ പച്ചക്കറികൾ വിപണനം നടത്താൻ ആഴ്ച്ചയിലൊരിക്കൽ അവസരം നൽകുക. നഗര മേഖലയിലെ ഇടത്തരക്കാർ മുതൽ മുകളിലുള്ളവർ വരെ ഇത്തരം ചന്തയിലേക്ക് ഒഴുകിയെത്തുമെന്നാണ് അനുഭവ സാക്ഷ്യം. കർഷകനും ഉപഭോക്താവും ഇടത്തട്ടുകാരില്ലാതെ നേരിട്ട് ഇടപെടാൻ അവസരം ലഭിക്കുന്നത് ഇരുകൂട്ടർക്കും ഒരുപോലെ ഗുണകരമാണ്. ഇത്തരം ഗ്രാമചന്തകൾ നമ്മുടെ സാമൂഹിക ആരോഗ്യ മേഖലകളിൽ ഒരു കാൽവെപ്പാകുമെന്നതിൽ തടസ്സമില്ല. തദ്ദേശ സ്ഥാപനങ്ങൾക്ക് ഇത്തരം ചന്തകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ അവരുടെ പദ്ധതി തുക വിനിയോഗിക്കുകയും ആകാം. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടവും പിന്തുണയും ഉണ്ടെങ്കിൽ ഒരു നഗര സഭയ്ക്കും തൊട്ടടുത്ത ഗ്രാമപഞ്ചായത്തിനും സഹകരിച്ചുകൊണ്ട്

ഇത്തരം ഗ്രാമചന്തകൾ നടത്തുന്നത് ആലോചിച്ചുകൂടെ.

## നഗരവാസികൾക്ക് ഓൺലൈൻ വിപണി

അപൂർവ്വ ഇനം പച്ചക്കറികൾ നാട്ടിൻപുറങ്ങളിൽ നിന്ന് അന്യം നിന്ന് പോകുന്നത് കൃഷിച്ചെലവിനൊത്ത വരുമാനം അതിൽ നിന്ന് ലഭിക്കാത്തതുകൊണ്ടു കൂടിയാണ്. ഉദാഹരണത്തിന് ഉത്തരകേരളത്തിൽ നിന്നു ഇങ്ങനെ കുറഞ്ഞു കൊണ്ടിരിക്കുന്ന ഒരു അപൂർവ്വ ഇനം നെല്ലിനമാണ് അരിക്കിരായി നെല്ല്. ഔഷധഗുണം ഏറെയുള്ളതും തവിട് കൂടുതലുള്ളതുമായ ഈ നെല്ലിനം കാസർഗോഡ് ജില്ലയിലെ അപൂർവ്വം കർഷകരെ ഇന്ന് കൃഷി ചെയ്യുന്നുള്ളൂ.

ജൈവവളം മാത്രം ഉപയോഗിച്ച് കൃഷിചെയ്ത് താരതമ്യേന കുറഞ്ഞ വിളവ് മാത്രം ലഭിക്കുന്നതുമായ ഈ ഇനം കൃഷി ചെയ്യാൻ കർഷകർ മടിക്കുന്നതും ഈ കാരണം കൊണ്ടുതന്നെ.

നീലേശ്വരം നഗരസഭയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ അരി സാമൂഹ്യ മാധ്യമങ്ങളായ ഫേസ്ബുക്കിലൂടെയും വാട്ട്സ്ആപ്പിലൂടെയും പ്രചരിപ്പിച്ചപ്പോൾ കർഷകരിൽ നിന്ന് കിലോക്ക് അറുപത് രൂപവരെ നൽകി ഈ അപൂർവ്വ ഇനം കുത്തരി സ്വന്തമാക്കാൻ ആളുകൾ മത്സരിച്ചെത്തി എന്ന ഒരു നല്ല പാഠം കൂടി ലേഖകന് പങ്കുവെക്കാനുണ്ട്. മികച്ച വില ലഭിച്ചതോടെ കൂടുതൽ സ്ഥലത്ത് കൃഷിയിറക്കാനുള്ള പദ്ധതിയിലാണ് കൃഷിക്കാർ.

സാമൂഹ്യ മാധ്യമങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള ഈ കാലത്ത് ഇത്തരം വിപണന തന്ത്രങ്ങൾ പ്രയോഗിച്ചാൽ ഗ്രാമപ്രദേശങ്ങളിലെ കർഷകർക്ക് അത് ഒരു സഹായകമാകും എന്നതിൽ സംശയമില്ല. എന്നാൽ ഈ രംഗത്തെ കള്ള നാണയങ്ങളെ തടയുകയും സുതാര്യത ഉറപ്പാക്കുകയും വേണം.ഇതിനായി തദ്ദേശസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഇത്തരം കൂട്ടായ്മകൾ ഉണ്ടാക്കുകയാണ് അഭികാമ്യം.

വിവര സാങ്കേതികത ഇത്രയേറെ മുന്നോട്ട് പോയ ഈ കാലത്ത് തദ്ദേശസ്ഥാപനങ്ങളും ഇവയ്ക്കിടയിൽ ഇടം കണ്ടെത്തേണ്ടതുണ്ടെന്ന് ചുരുക്കും.





## നഗരവാസികൾ കൃഷിത്തോട്ടങ്ങളിലേക്ക്


ജൈവകൃഷി തോട്ടങ്ങൾ നേരിട്ട് കാണുന്നതിനും സംവദിക്കുന്നതിനും നഗരവാസികൾക്ക് അവസരമൊരുക്കണം. നഗരപ്രദേശങ്ങളിലെ റസിഡൻസ് അസോസിയേഷനുകൾ പോലെയുള്ള കൂട്ടായ്മകളെ ഗ്രാമപ്രദേശങ്ങളിലെ ജൈവകൃഷിയിടങ്ങളിൽ എത്തിച്ചാൽ കൃഷി രീതികൾ നേരിട്ട് മനസ്സിലാക്കാനും കൃഷിയിൽ താല്പര്യം ഉണ്ടാക്കാനും സാധിക്കും. കൂടാതെ സന്ദർശിച്ച കൃഷിയിടത്ത് ഉല്പ്പാദിപ്പിച്ച പച്ചക്കറികൾ ധൈര്യസമേതം വാങ്ങാൻ ഇത് സഹായകരമാകും. ഗ്രാമനഗരമേഖലകളിലെ സി.ഡി.എസുകൾക്കും, എ.ഡി.എസു കൾക്കും അയൽക്കൂട്ടങ്ങൾക്കുമെല്ലാം ഇത്തരം കൂട്ടായ്മകളിൽ വലിയ പങ്കുവഹിക്കാനാകും. ഗ്രാമനഗരമേഖലകളിലെ ഗുണപരമായ സാംസ്ക്കാരിക വിനിമയത്തിന് ഇത്തരം സന്ദർശനങ്ങൾ ഏറെ സഹായകരമാകും.

ചുരുക്കത്തിൽ ഗ്രാമ-നഗരകേന്ദ്രങ്ങളുടെ സംയോജിതമായ ഇടപെടൽ ജൈവകാർഷിക മേഖലയിൽ ഒരു പുതുചരിത്രം രചിക്കുമെന്ന് പ്രതീക്ഷിക്കാം.

*നീലേശ്വരം നഗരസഭാ സെക്രട്ടറിയാണ് ലേഖകൻ*



# 'അബി എന്ന ഹബീബ് റഹ്മാൻ' കഥാസമാഹാരം പ്രകാശനം ചെയ്തു




കെ പി എം നവാസ് രചിച്ച 'അബി എന്ന ഹബീബ് റഹ്മാൻ' എന്ന കഥാസമാഹാരം ഏറണാകുളം അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ പഞ്ചായത്ത് ദിനാഘോഷ വേദിയിൽ വെച്ച് പ്രശസ്ത സാഹിത്യ നിരൂപകൻ എം കെ ഹരികുമാർ ഡോ. ഇളയടത്ത് രാധാകൃഷ്ണനു നൽകി പ്രകാശനം ചെയ്തു. സമകാലീന സാമൂഹിക രാഷ്ട്രീയ വിഷയം കൈകാര്യം ചെയ്യുന്ന ഈ കഥകൾ മലയാള ചെറുകഥാ സാഹിത്യത്തിനു മുതൽക്കൂട്ടാകുമെന്ന് ഹരികുമാർ നിരീക്ഷിച്ചു. ജോസഫ് വാഴയ്ക്കൽ.എം.എൽ.എ . ഉദ്ഘാടനം ചെയ്ത ചടങ്ങിൽ പി ടി മാത്യു അധ്യക്ഷത വഹിച്ചു. സുവനീർ കമ്മിറ്റി കൺവീനർ എസ്. മനോജ് പുസ്തകം പരിചയപ്പെടുത്തി. സർക്കാർ സർവീസിലെ പിരിമുറുക്കങ്ങൾക്കിടയിൽ സർഗാത്മക പ്രക്രിയക്ക് സമയം കണ്ടെത്തുന്നത് ആശാവഹവും അഭിനന്ദനീയവുമാണെന്ന് ഡോ. ഇളയടത്ത് രാധാകൃഷ്ണൻ പുസ്തകം ഏറ്റുവാങ്ങികൊണ്ട് പറഞ്ഞു.

ചെറുകഥാകൃത്തും നോവലിസ്റ്റുമായ കെ.പി.എം. നവാസ് പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥനും ഇപ്പോൾ ഫറോക്ക് നഗരസഭയുടെ അസിസ്റ്റന്റ് സെക്രട്ടറിയുമാണ്. ഇദ്ദേഹത്തിന്റെ അഞ്ചാമത്തെ പുസ്തകമാണ്, കോഴിക്കോട് ലിപി പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച "അബി എന്ന ഹബീബ് റഹ്മാൻ"

മോഹനൻ കാനാട്

# എന്റെ ഗ്രാമം

ഉഴുതുമറിച്ചിട്ട പാടശേഖരങ്ങളിൽ
തലമുറളായിതപസ്സിരിക്കുന്ന
വെളുത്തകൊക്കുകൾക്ക്
ഒരുകാൽ മാത്രമെ ഉണ്ടായിരുന്നുള്ളൂ.
ഒരുജന്മം മുഴുവൻ
പൂട്ടിയകാളകൾക്കൊപ്പം
ഉഴവുചാലുകൾക്ക് തീറെഴുതിയ
പാവം മനുഷ്യന് നടുവും ഇല്ലായിരുന്നു!
ലക്ഷ്യബോധങ്ങളുടെ
അണമുറിയാത്ത പ്രവാഹത്തിൽ
നൂറ്റാണ്ടുകൾ ചവുട്ടിമെതിച്ച
വർണ്ണ സ്വപ്നങ്ങൾക്ക്
ചിറകും തൂവലുമില്ലായിരുന്നു.
ഒപ്പം
വഴിപിഴച്ച്
ഗതിവിഗതികളിൽ സ്വയംതകർന്നുവീണ
കാലാതീതനായ മനുഷ്യന്
സ്വന്തം കാലുകളും നഷ്ടപ്പെട്ടിരുന്നു.

ജ്വലിച്ചുകത്തി, കൂലംകുത്തി
പ്രണയതീരങ്ങളിൽ
തലതല്ലിമരിച്ച യൗവനങ്ങൾക്ക്
മനസ്സിന്റെ നിറുകയിൽ
മാറാത്ത
മുറിപ്പാടുകളുണ്ടായിരുന്നു.
എന്നാൽ
സ്മരണകൾ മുഴുവനും ഇടനെഞ്ചിലേറ്റി
കൊഴിഞ്ഞുപൊലിഞ്ഞ വാർദ്ധക്യത്തിന്
തീരാത്ത മോഹങ്ങൾ
പിന്നെയും ബാക്കിയായിരുന്നു!
കവലകളും പെരുവഴികളും
ശൂന്യമായ സഞ്ചാരപഥങ്ങളും
പാടിപഴകികുതിച്ചെത്തുന്ന
ശാന്തിയുടെ കടൽതീരങ്ങളിൽ കൂട്ടിരിക്കാൻ
ചിപ്പികളും കക്കകളും
പിന്നെ
ആർത്തുതിമിർക്കുന്ന കടലലകളും മാത്രം!





പി.വി. രമേഷ്

# സൂക്ഷിക്കുക! മിന്നുന്നതെല്ലാം പൊന്നല്ല

പണ്ടു പഴമക്കാർ മനുഷ്യന്റെ മഞ്ഞ ലോഹത്തോടുള്ള പ്രതിപത്തി കുറക്കുന്നതിനു വേണ്ടി പ്രയോഗിച്ചിരുന്ന ഒരു ചൊല്ലാണ് 'മിന്നുന്നതെല്ലാം പൊന്നല്ല' എന്നുള്ളത്. എന്നാൽ ഇവിടെ പ്രതിപാദിക്കുന്നത് മഞ്ഞ ലോഹത്തെ കുറിച്ചല്ല . മൃദുവും തിളങ്ങുന്നതും ആകർഷമണീയമായ നിറങ്ങളിലും ലഭിക്കുന്ന പഴങ്ങളെയും പച്ചക്കറികളേയും കുറിച്ചാണ്.

സൂപ്പർ മാർക്കാറ്റുകളിലും ചന്തകളിലും വഴിയോരങ്ങളിലും വളരെ ആകർഷരണീയമായി ഒതുക്കി വച്ചിരിക്കുന്ന പഴങ്ങളും പച്ചക്കറികളും കാണുമ്പോൾ ആരും വാങ്ങിപ്പോകും. തിളങ്ങുന്ന ആപ്പിളും ഓറഞ്ചും തക്കാളിയും പാവക്കയും പയറും ബീൻസും കാബേജും കൊളിഫ്ളവറുമെല്ലാം എന്ത് വില നല്കി യും ഇന്ന് വാങ്ങുവാൻ ആളുകളേറെയാണ്. രൂപയുടെ മൂല്യം ഇടിയുകയും വാങ്ങൽ ശേഷി വർദ്ധിലക്കുകയും ചെയ്തതോടെ ഇന്ന് സാധാരണക്കാർപോലും വിലയേറിയ പഴങ്ങളും പച്ചക്കറികളും വാങ്ങി ഉപയോഗിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഈ സാഹചര്യം മുതലെടുത്ത് അന്യ സംസ്ഥാന ഉത്പാദകരും വ്യാപാരികളും ഇടത്തട്ടുകാരും തികച്ചും അസാന്മാർഗ്ഗികവും അശാസ്ത്രീയവുമായ മാർഗ്ഗങ്ങളിലൂടെയാണ് പഴങ്ങളും പച്ചക്കറികളും ഇന്ന് വിപണിയിലെത്തിക്കുന്നത്.

'ഒരു ആപ്പിൾ കഴിക്കൂ ഡോക്ടറെ അകറ്റൂ' എന്നൊരു ചൊല്ലുണ്ട്. എന്നാൽ ഇന്ന് അത് 'ഒരു ആപ്പിൾ കഴിക്കൂ ഡോക്ടറെ വിളിക്കൂ' എന്നായി മാറിയിരിക്കുന്നു. ആപ്പിളിൽ കരിംകുത്ത് ഉണ്ടാക്കുന്ന കീടത്തെ അകറ്റാൻ ആഴ്ചയിലൊരിക്കൽ വീതം അന്തർവ്യാപന ശേഷിയുള്ള മാരക കീടനാശിനി തളിക്കുന്നു. തുടർന്നു വിളവെടുക്കുന്ന ആപ്പിളിന്റെ സ്വാഭാവികത നിലനിർത്തുന്നതിന് വേണ്ടി മെഴുക് കൊണ്ട് ആവരണം ചെയ്യുകയും പെട്രോളിയം ഓയിൽ കൊണ്ട് തുടക്കുകയും ചെയ്യുന്നു. ഇത് ആഴ്ചകളോളം ആപ്പിൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സഹായിക്കുന്നു. എന്നാൽ ഇത് ഭക്ഷിക്കുന്നവർക്ക് കടുത്ത ഉദര രോഗവും കാൻസറും വരുത്തിവക്കുന്നു.

കടും മഞ്ഞ നിറത്തിൽ അടുക്കി വച്ചിരിക്കുന്ന ഓറഞ്ചും മാങ്ങയും വാഴപ്പഴവും ആരേയും മോഹിപ്പിക്കുന്നവയാണ്. എന്നാൽ ഈ നിറവും തിളക്കവും കൃത്രിമമായി ഉണ്ടാക്കിയതാണെന്ന് നമ്മൾ അറിയുന്നില്ല. വർക്ക് ഷോപ്പുകളിൽ വെൽഡിഗ് ഗ്യാസായി ഉപയോഗിക്കുന്ന കാത്സ്യം കാർബൈഡ് എന്ന



രാസവസ്തു പകുതി മൂപ്പെത്തിയ ഓറഞ്ചിലും മാങ്ങയിലും പച്ച കായകളിലും വിതറിയാണ് ഇവ കൃത്രിമമായി പഴുപ്പിക്കുന്നത്. ഇത്തരം ഫലങ്ങൾ സ്ഥിരം കഴിക്കുന്നവർക്ക് കാൻസർ രോഗം പിടിപെടും.

പച്ചയും വയലറ്റും റോസ് നിറത്തിലും അടുക്കി വച്ചിരിക്കുന്ന മുന്തിരിക്കുലകൾ കാണുമ്പോൾ ആരുടെ വായിലും വെള്ളമൂറും. എന്നാൽ പറിച്ചെടുത്താൽ മണിക്കൂറുകൾക്കകം ചീഞ്ഞു പോകുമെന്നതിനാൽ, മാരകമായ കുമിൾനാശിനികളിൽ മുക്കിയെടുത്താണ് ഇവ വിപണികളിലെത്തിക്കുന്നത്. കൂടാതെ മുന്തിരിയിൽ അഴുകലിനെതിരെ സ്ഥിരമായി തളിക്കുന്ന ബോർഡോ മിശ്രിതത്തിലെ കോപ്പർ സൾഫേറ്റ് എന്ന രാസ വസ്തു കരളിനെയും കിഡ്നിയേയും ബാധിക്കുന്നതും അകാല വാർദ്ധക്യത്തിന് വഴി തെളിക്കുന്നതുമാണ്.

ഒരു പുഴുക്കുത്തു പോലും ഇല്ലാത്ത ചുവന്നു തുടുത്ത തക്കാളിയും മൃദുവായ മൂപ്പെത്താത്ത ബീൻസും പയറും തിളങ്ങുന്ന പാവക്കയും ഏവർക്കും ഇഷ്ടപ്പെട്ടതാണ്. പലപ്പോഴും ഒന്ന് കഴുകുക പോലും ചെയ്യാതെ ഇവ നാം അകത്താക്കുന്നു. എന്നാൽ ഏറ്റവും കൂടുതൽ കീടാക്രമണമുണ്ടാകുന്ന ഇവയിൽ ആഴ്ച തോറും തളിക്കുന്ന മാരക കീടനാശിനികളും കുമിൾ നാശിനികളും ഉണ്ടെന്ന കാര്യം നാം അറിയുന്നില്ല. വിപണിയിൽ നിന്നെടുത്ത് ലബോറട്ടറിയിൽ പരിശോധിച്ചപ്പോൾ, തളിച്ചതിനേക്കാൾ 300% വരെ അധിക വീര്യത്തിൽ കീടനാശിനികളുടെ അവശിഷ്ടം ഇത്തരം പച്ചക്കറികളിലുള്ളതായി തെളിഞ്ഞിരിക്കുന്നു. ഇത്തരം പച്ചക്കറികൾ സ്ഥിരമായി കഴിക്കുന്നവർക്ക് നാഡീസംബന്ധമായ രോഗങ്ങളും കാൻസറും ഉണ്ടാകുന്നതായി തെളിഞ്ഞിട്ടുണ്ട്.

ഭക്ഷ്യാവശ്യങ്ങൾക്കായി എന്നും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നമ്മൾ ഇത്തരം വിപത്തുകൾ വൻവില കൊടുത്ത് വാങ്ങുന്നവയാണ്. ശുദ്ധ ജലത്തിൽ പലതവണ കഴുകുകയോ 5% വീര്യത്തിലുള്ള വിനാഗിരി ലായനിയിലോ 20% വീര്യത്തിലുള്ള ഉപ്പുവെള്ളത്തിലോ അര മണിക്കൂർ മുക്കിവക്കുകയോ ചെയ്താൽ പുറമേയുള്ള വിഷാവശിഷ്ടങ്ങൾ മാറ്റാമെങ്കിലും ഉള്ളിൽ കടന്ന അന്തർവ്യാപന ശേഷിയുള്ള കീടനാശിനികളും കുമിൾനാ ശിനികളും നീക്കം ചെയ്യപ്പെടുന്നില്ല.

കേരളത്തിൽ നിയമം മൂലം പല മാരക കീടനാശിനികളും കുമിൾനാശിനികളും നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും നമ്മുടെ അയൽ സംസ്ഥാനങ്ങളിലെല്ലാം ഇവ യാതൊരു നിയന്ത്രണവും കൂടാതെ ഭക്ഷ്യ വിളകളിൽ ഉപയോഗിക്കുന്നുണ്ട്. ഇത്തരം വിഷവസ്തുക്കൾ നിരോധിക്കുവാൻ കേന്ദ്ര സർക്കാർ നടപടിയെടുത്താൽ മാത്രമേ മാനവ രാശിയെ കാർന്ന് തിന്നുന്ന മാരക രോഗങ്ങളിൽ നിന്നും രക്ഷിക്കാനാകൂ. ഇന്ത്യയിൽ സിക്കിം ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളിലും രാസ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളാണ് ഇന്നും അവലംബിക്കുന്നത്.

ഈ സാഹചര്യത്തിൽ നമ്മൾ നമ്മുടെ പഴയ അടുക്കളതോട്ട സംസ്കാരത്തിലേക്കും ജൈവ കൃഷി രീതികളിലേക്കും മികച്ച കാർഷിക പരിചരണ മുറകളിലേക്കും എത്രയും വേഗം മാറേണ്ടതും ശക്തമായ നിയമ നിർമ്മാണത്തിലൂടെയും പരിശോധനാ സംവിധാനങ്ങളോടെയും മാരക വിഷങ്ങൾക്ക് വേണ്ട നിയന്ത്രണങ്ങൾ ഏർപ്പെരടുത്തേണ്ടതുമാണ്. സൂക്ഷിച്ചാൽ ദുഖിക്കേണ്ട.

*കൃഷി ഓഫീസറാണ് ലേഖകൻ*



# ഗ്രാമോദയ് സെ ഭാരത് ഉദയ് അഭിയാൻ ഏപ്രിൽ 14 മുതൽ 24 വരെ

സാമൂഹിക കൂട്ടായ്മയും, പഞ്ചായത്ത് രാജിന്റെ ശാസ്തീകരണവും ലക്ഷ്യം വച്ച് കൊണ്ടുള്ള ഗ്രാമോദയ് സെ ഭാരത് ഉദയ് (ഗ്രാമങ്ങളുടെ ഉദയവും വികാസവും ഭാരതത്തിന്റെ ഉദയത്തിനും വികസനത്തിനും) എന്ന ദേശീയ ക്യാമ്പയിന് തുടക്കമായി. ദേശീയ പഞ്ചായത്ത് രാജ് ദിനാഘോഷത്തിന്റെ ഭാഗമായിട്ട് കൂടിയാണ് ഇത് സംഘടിപ്പിച്ചിരിക്കുന്നത്. ഭരണ ഘടനാ ശിൽപി ഡോ. ബി.ആർ. അംബേദ്കറിന്റെ ജൻമദിനത്തിൽ ആരംഭിച്ച പരിപാടികൾ ദേശീയ പഞ്ചായത്ത് രാജ് ദിനമായ ഏപ്രിൽ 24 ന് അവസാനിക്കും.

ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം രജ്യത്തെ പഞ്ചായത്ത് രാജ് സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും, അത് വഴി ഗ്രാമങ്ങളിൽ സാമൂദായിക ഐക്യം വളർത്തുക, ഗ്രാമ വികസനം സാധ്യമാക്കുക, കർഷകരുടേയും പാവപ്പെട്ടവരുടേയും ക്ഷേമവും, ജീവിത നിലവാരവും ഉയർത്തുക എന്നതാണ്. ഈ ക്യാമ്പയിന്റെ ഭാഗമായി രാജ്യത്താകമാനം പഞ്ചായത്തു തലത്തിലും, ദേശീയതലത്തിലും ഉള്ള വിവിധ പരിപാടികൾ അരങ്ങേറും. ഏപ്രിൽ 21 ന് രാജ്യത്തെ ഗ്രാമ പഞ്ചായത്തുകൾ എല്ലാം തന്നെ പ്രത്യേക ഗ്രാമസഭാ യോഗങ്ങൾ സംഘടിപ്പിക്കുകയും ഇതിനെ പ്രധാന മന്ത്രി അഭിസംബോധന ചെയ്യുകയും ചെയ്യും.

ക്യാമ്പയിനോട് അനുബന്ധിച്ചു നടക്കുന്ന പഞ്ചായത്ത് തലത്തിലുള്ള പരിപാടികൾ

1. **സോഷ്യൽ ഹാർമ്മണി പ്രോഗ്രാം (ഏപ്രിൽ 14 മുതൽ 16 വരെ)**




ഡോ. ബി.ആർ. അംബേദ്ക്കറുടെ 125- ാം പിറന്നാൾ ദിനമായ ഏപ്രിൽ 14 ന് രാജ്യത്തെ ഗ്രാമപഞ്ചായത്തുകളിൽ എല്ലാം തന്നെ അദ്ദേഹത്തിനെ സ്മരിക്കുകയും, സാമുദായിക ഐക്യത്തിന് വേണ്ടി നിലകൊള്ളും എന്ന് പ്രതിജ്ഞ എടുക്കുകയും ചെയ്യും.

2. **ഗ്രാമ കിസാൻ സഭ ( ഏപ്രിൽ 17 മുതൽ 20 വരെ)**
   ഈ പരിപാടിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും കർഷകരുടെ യോഗങ്ങൽ ചേരേണ്ടതും കൃഷി വികസനത്തിനുള്ള വിവിധ പദ്ധതികളെ കുറിച്ചും പരിപാടികളെ കുറിച്ചും ചർച്ച ചെയ്യേണ്ടതുമാണ്.
3. **പ്രത്യേക ഗ്രാമസഭ (ഏപ്രിൽ 21 മുതൽ 24 ഏപ്രിൽ വരെ)**
   ദേശീയ പഞ്ചായത്ത് രാജ് ദിവസം ആഘോഷിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ 21 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ ഗ്രാമസഭകൾ കൂടുന്നതിന് വേണ്ടി തീരുമാനിച്ചിരിക്കുന്നു.

ഈ പരിപാടിയുടെ ഭാഗമായി ശുദ്ധ ജല വിതരണം, ശുചീകരണ നടപടികൾ എന്നിവ നടത്തണം. കൂടാതെ സാംസ്കാരിക കലാകായിക പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്. ആഘോഷ പരിപാടികളുടെ ഭാഗമായി കൂടുന്ന ഗ്രാമസഭകളിൽ പരിഗണിക്കപ്പെടേണ്ട പൊതു വിഷയങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വികസന പദ്ധതി, ഗ്രാമപഞ്ചായത്ത് ഫണ്ട്കളുടെ കൃത്യമായ ഉപയോഗം, ശുദ്ധജലവിതരണം, ശുചിത്വം, ഗ്രാമവികസനത്തിൽ വനിതകളുടെ പ്രാധിനിത്യം, പട്ടികജാതി/പട്ടികവർഗ, ഭിന്നശേഷിയുള്ളവർ പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവരുടെ പ്രശ്നങ്ങൾ എന്നിവയായിരിക്കണം എന്ന് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

ക്യാമ്പയിനോടനുബന്ധിച്ച് മൂന്ന് ദേശീയ തല പരിപാടികളും നടക്കും, ഏപ്രിൽ 14- ന് മധ്യപ്രദേശിൽ വച്ച് നടക്കന്ന സോഷ്യൽ ഹാർമണി പ്രോഗ്രാം, ഏപ്രിൽ 19 ന് വിജയവാഡയിൽ വച്ച് നടക്കുന്ന ദേശീയ ട്രൈബൽ വനിതാ, അദ്ധ്യക്ഷന്മാരുടെ യോഗം, ഏപ്രിൽ 24 ന് ജംഷഡ്പ്പൂരിൽ വച്ച് നടക്കുന്ന പഞ്ചായത്ത് പ്രതിനിധികളുടെ സമ്മേളനം, ഏപ്രിൽ 24- ന് നടക്കുന്ന സപെഷ്യൽ ഗ്രാമസഭാ സമ്മേളനത്തോടെ ആഘോഷ പരിപാടികൾക്ക് തിരശ്ശീല വീഴും.



**അഭിലാഷ് കരിമുളയ്ക്കൽ**

# വരവായ് പുത്തൻ മിത്ര നിമകൾ

സുരക്ഷിത കൃഷിക്ക് രാസകീടനാശിനികൾക്ക് പകരം വയ്ക്കാൻ കഴിയുന്ന ശക്തമായ ജൈവായുധങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അത്തരത്തിലൊന്ന് കേരള കാർഷിക സർവ്വകലാശാലയുടെ കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ നിന്നും ലഭ്യമായിരിക്കുന്നു. ഡോ.ഗവാസ് രാഗേഷ് കണ്ടുപിടിച്ച മിത്ര നിമയെ പരിചയപ്പെടുത്തുന്നു.

### വരുന്നു മിത്ര നിമകൾ

കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ നിന്നും വാഴ കർഷകർക്കായൊരു സന്തോഷ വാർത്ത. വാഴയിലെ പിണ്ടിപ്പുഴുവിനെയും, മാണപ്പുഴുവിനെയും പൂർണ്ണമായും നശിപ്പിക്കാവുന്ന മിത്രനിമ വിരകളെ കണ്ടുപിടിച്ചിരിക്കുന്നു. മിത്രനിമ കൾച്ചറുകൾ (കഡാവർ) വില്പനയ്ക്കും തയ്യാറായിരിക്കുന്നു!

നിമ വിരകൾ ശത്രുവും മിത്രവുമുണ്ട്. കൃഷിയിൽ ശത്രു നിമകൾ ഏറെയുണ്ട്. നിമ വിരകൾ മനുഷ്യർക്കും മൃഗങ്ങൾക്കും രോഗങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇവയുടെ ഗണത്തിൽ ഉപകാരികളായ നിമകൾ ഉണ്ടെന്ന് സ്റ്റെയിനർ എന്ന ശാസ്ത്രജ്ഞൻ 1929 ൽ കണ്ടെത്തി. പിൽക്കാലത്ത് അത്തരം നിമകളെ ഈ ശാസ്ത്രജ്ഞന്റെ പേരിട്ടാണ് വിളിച്ചു പോരുന്നത്. സ്റ്റെയിനർ നെ മാറ്റിഡേ, ഹെറ്ററോറാബ്ഡൈറ്റിഡേ എന്നീ രണ്ട് നിമ കുടുംബങ്ങളാണ് ഉപകാരികൾ. ഇവയ്ക്ക് 250 ൽ പരം ഷഡ്പദങ്ങളെ-കീടങ്ങളെ- നശിപ്പിക്കാനുള്ള ശേഷിയുണ്ട്.

അമേരിക്കയിലെ ഗോൾഫ് കളിക്കളത്തിലെ പുല്ലുകളിലെ പ്രധാന പ്രശ്നമായിരുന്നു വേരുതീനി പുഴുക്കൾ. പുൽമൈതാനത്തെ അക്ഷരാർത്ഥത്തിൽ മിത്രനിമ പ്രയോഗം കൊണ്ട് രക്ഷപ്പെടുത്തി എടുത്തതോടെയാണ് വാസ്തവത്തിൽ മിത്രനിമ വിരകളെ ശാസ്ത്രം ഗൗരവമായി



ശ്രദ്ധിച്ചുതുടങ്ങിയത്. അതിനെ തുടർന്ന് അമേരിക്കയിൽ കൊതുക് നിവാരണത്തിന് കൂത്താടികളെ കൊന്നൊടുക്കുന്നതിനും, തടിതുരപ്പൻ പുഴുക്കളെ നിയന്ത്രിക്കുന്നതിനും വ്യാപകമായി മിത്രനിമകളെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

വിവിധ രാജ്യങ്ങളിൽ സ്ട്രോബറി, സിട്രസ്, പൂച്ചെടികൾ എന്നിവയിലെ തണ്ടുതുരപ്പനെതിരെയും, പോളിഹൗസ് കൃഷിയിലെ റാഡിഷ്, ടർണിപ്പ്, ബീറ്റ് റൂട്ട്, ക്യാരറ്റ് എന്നിവയിലെ വേരുപുഴുക്കളെയും, തണ്ടുപുഴുക്കളെയും ഫലപ്രദമായി മിത്രനിമകളെ ഉപയോഗപ്പെടുത്തി നിയന്ത്രിച്ചു വരുന്നു.


കേരളത്തിൽ ഇവയുടെ ഗവേഷണം കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞനായ ഡോ. ഗവാസ് രാഗേഷ് ആണ് നടത്തിയത്. അദ്ദേഹം കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ നടത്തിയ പഠന ഗവേഷണത്തിൽ വാഴയുടെ പ്രധാന ശത്രുകീടങ്ങളായ മാണപ്പുഴുവിനെയും, പിണ്ടിപ്പുഴുവിനെയും മിത്രനിമ വിരകളെ ഉപയോഗിച്ച് പൂർണ്ണമായും കൊന്നൊടുക്കുവാൻ കഴിയുമെന്ന്

**മിത്രനിമകൾ നേരിട്ടല്ല ശത്രുക്കളെ കൊല്ലുന്നത്. മിത്രനിമകളുടെ ശരീരത്തിനുള്ളിൽ വസിക്കുന്ന ചില ബാക്ടീരിയകളാണ് വാസ്തവത്തിൽ കീടങ്ങളെ കൊല്ലുന്നത്. മിത്ര നിമകളുടെ ശരീരത്തിനുള്ളിൽ സഹജീവനം നടത്തുന്ന രണ്ടിനം ബാക്ടീരിയകളുണ്ട്. സ്റ്റെയിനർ നിമകളുടെ ഉള്ളിൽ വസിക്കുന്ന സീനോറാബ്ഡസും, ഹെറ്ററോറാബ്റൈറ്റിസിൽ വസിക്കുന്ന ഫോട്ടോറാബ്ഡസും ആണ് ഈ ബാക്ടീരിയകൾ.**

കണ്ടെത്തിയിരിക്കുന്നു. ഇത്തരം മിത്ര നിമകളുടെ (ഇ.പി.എൻ.) കഡാവറുകൾ (കൾച്ചറുകൾ) കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ നിന്നും കർഷകർക്ക് ഇപ്പോൾ ലഭ്യമാണ്.

മിത്രനിമകൾ നേരിട്ടല്ല ശത്രുക്കളെ കൊല്ലുന്നത്. മിത്രനിമകളുടെ ശരീരത്തിനുള്ളിൽ വസിക്കുന്ന ചില ബാക്ടീരിയകളാണ് വാസ്തവത്തിൽ കീടങ്ങളെ കൊല്ലുന്നത്. മിത്ര നിമകളുടെ ശരീരത്തിനുള്ളിൽ സഹജീവനം നടത്തുന്ന രണ്ടിനം ബാക്ടീരിയകളുണ്ട്. സ്റ്റെയിനർ നിമകളുടെ ഉള്ളിൽ വസിക്കുന്ന സീനോറാബ്ഡസും, ഹെറ്ററോറാബ്റൈറ്റിസിൽ വസിക്കുന്ന ഫോട്ടോറാബ്ഡസും ആണ് ഈ ബാക്ടീരിയകൾ.

മിത്രനിമ (ഇ.പി.എൻ.) സന്നിവേശിപ്പിച്ച മെഴുകു പുഴുക്കളെയാണ് കർഷകർക്ക് നൽകുന്നത്. ഈ ചത്ത പുഴുക്കളെ 'കഡാവർ' എന്നു വിളിക്കുന്നു. ഈ കഡാവർ അങ്ങനെ തന്നെ മണ്ണിലിട്ടോ, ചെടികളിൽ ഇട്ടിട്ടോ, വെള്ളത്തിൽ കലക്കിയോ ഉപയോഗിക്കാം. വേണ്ടത്ര ഈർപ്പമുണ്ടെങ്കിൽ മാത്രമേ ഇ.പി.എൻ. സഞ്ചരിക്കുകയുള്ളൂ. ചത്ത പുഴുക്കളുടെ ഉള്ളിൽ നിന്നും പുറത്തുവരുന്ന നിമറ്റോഡുകൾ ശത്രു കീടങ്ങളുടെ പുഴുക്കളെ തേടിപ്പിടിച്ച് അവയുടെ ശരീരത്തിനുള്ളിൽ കടക്കുന്നു. തുടർന്ന് നിമയുടെ ശരീരത്തിനുള്ളിൽ സഹജീവനം



**വാഴയുടെ മാണപ്പുഴുവിനെതിരെ നടുമ്പോൾ കുഴിയിൽ 4 കഡാവറുകളെ നിക്ഷേപിച്ച് നട്ടതിനുശേഷം 2–ാം മാസത്തിലും 5–ാം മാസത്തിലും 4 എണ്ണം വീതം മണ്ണിൽ ഇട്ടു കൊടുക്കുക. മണ്ണിൽ ഈർപ്പം വേണ്ടത്രയുണ്ടാവണം. കൂടാതെ വാഴത്തടയിൽ കഡാവർ നിക്ഷേപിച്ച മാണവണ്ടിനെയും, തടതുരപ്പൻ ചെല്ലിയെയും നശിപ്പിക്കാനും കഴിയും.**

നടത്തുന്ന ബാക്ടീരിയകൾ പുറത്തു വരുകയും, ശത്രു കീട പുഴുക്കളുടെ അന്തരികാവയവങ്ങളെ ദ്രവിപ്പിക്കുകയും അവ 24 മണിക്കൂറിനുള്ളിൽ ചാവുകയും ചെയ്യും. ചത്ത പുഴുക്കളുടെ ബാക്ടീരിയ മൂലം ദ്രവീകരിച്ച ഭാഗങ്ങൾ നിമ വിരകൾ ആഹരിക്കുകയും ചെയ്യുന്നു.

വാഴയ്ക്കു മാത്രമല്ല മിത്രനിമകൾ ഉപകാരികളാവുന്നത്. നമ്മുടെ വിവിധ വിളകൾക്ക് ഇ.പി.എൻ. (മിത്ര നിമയുടെ ചുരുക്കപ്പേര് ) ഉപയോഗിക്കാം.

കശുമാവിലെ തടതുരപ്പൻ പുഴുവിനെതിരെ പുഴുവിരിക്കുന്ന ദ്വാരത്തിൽ ചവച്ചുതുപ്പിയ അവശിഷ്ടവും, പശയും ഒലിക്കുന്നതിനു മുകളിലുള്ള തൊലി ഉളികൊണ്ടു ചെത്തി ഇളക്കിയെടുത്ത ശേഷം രണ്ടു കഡാവറുകൾ (ചത്ത മെഴുകുപുഴുക്കൾ) ദ്വാരത്തിലിട്ട് അല്പം വെള്ളമൊഴിക്കുക.

തെങ്ങിലെയും, കവുങ്ങിലെയും വേരുതീനിപ്പുഴുക്കളെ നിയന്ത്രിക്കുവാൻ ഒരു കഡാവർ പൊട്ടിച്ച് 5 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് മണ്ണിൽ ഒഴിച്ചുകൊടുക്കാം.

തെങ്ങിന്റെ ചെമ്പൻ ചെല്ലിക്കെതിരെ ചെല്ലി തുരന്ന ദ്വാരത്തിൽ കഡാവർ നിക്ഷേപിച്ച് അല്പം വെള്ളമൊഴിക്കുക. 10–15 വർഷം വരെ പ്രായമുള്ളവയ്ക്ക് 10 കഡാവറും, 15 വർഷത്തിനുമുകളിൽ പ്രായമുള്ളവയിൽ 30 എണ്ണവും ഇട്ടുകൊടുക്കണം.

കരിമ്പിന്റെ വേരു പുഴുക്കൾക്കെതിരെ കഡാവർ ഒന്നുരണ്ടെണ്ണം/ഒരു കരിമ്പിൻ ചുവടിന് എന്ന കണക്കിൽ എടുത്ത് 100 മില്ലി വെള്ളത്തിൽ പൊട്ടിച്ച് കലക്കി ചുവട്ടിൽ ഒഴിച്ചുകൊടുത്താൽ മതി.

വാഴയിലെ തടതുരപ്പൻ പുഴുക്കൾക്കെതിരെ 5 മാസം മുതൽ 8–ാം മാസം വരെ മാസത്തിൽ ഒരു തവണ വീതം വാഴക്കവിളുകൾ നിക്ഷേപിച്ച് അല്പം വെള്ളമെഴിച്ചു കൊടുക്കുക. നിലവിൽ പിണ്ടിപ്പുഴു ബാധയുണ്ടെങ്കിൽ ആക്രമിച്ച ദ്വാരം വഴി കഡാവർ പൊട്ടിച്ച് വെള്ളത്തിൽ കലക്കി അത് സിറിഞ്ചു വഴി വാഴയിലേക്ക് കുത്തിവയ്ക്കാം.

വാഴയുടെ മാണപ്പുഴുവിനെതിരെ നടുമ്പോൾ കുഴിയിൽ 4 കഡാവറുകളെ നിക്ഷേപിച്ച് നട്ടതിനുശേഷം 2–ാം മാസത്തിലും 5–ാം മാസത്തിലും 4 എണ്ണം വീതം മണ്ണിൽ ഇട്ടു കൊടുക്കുക. മണ്ണിൽ ഈർപ്പം വേണ്ടത്രയുണ്ടാവണം. കൂടാതെ വാഴത്തടയിൽ കഡാവർ നിക്ഷേപിച്ച മാണവണ്ടിനെയും, തടതുരപ്പൻ ചെല്ലിയെയും നശിപ്പിക്കാനും കഴിയും. അതിനായി കുലവെട്ടിയ വാഴത്തട ഒരടി നീളത്തിൽ മുറിച്ച് നടുവേ പിളർത്തി അതിനുള്ളിൽ നാലഞ്ചു കഡാവറുകളെ നിക്ഷേപിച്ച് ഒരല്പം വിടവു വച്ച് പിളർപ്പുകൾ കൂട്ടിക്കെട്ടി വാഴത്തോട്ടത്തിൽ 40 വാഴകൾക്ക് ഒരു കെണി എന്ന രീതിയിൽ വച്ചുകൊടുക്കുക. മുറിച്ച വാഴയുടെ മണത്തട ആകർഷിക്കപ്പെട്ട ചെല്ലികൾ അതിനുള്ളിലേക്ക് എത്തുകയും കഡാവറുമായി മുട്ടുകയും മിത്രനിമകൾ ചെല്ലിയെ കൊല്ലുകയും ചെയ്യും.

ഏലത്തിന്റെ വേരുതീനി പുഴുക്കൾക്കെതിരെ ഒന്നോ രണ്ടോ കഡാവർ ഓരോ ചെടി ചുവട്ടിലും ഇട്ടു കൊടുക്കുകയോ, വെള്ളത്തിൽ കലക്കി ഒഴിച്ചുകൊടുക്കുകയോ ചെയ്താൽ മതി.

ഇപ്പോൾ തന്നെ കർഷകർ വ്യാപകമായി ജൈവകൃഷിയിൽ സ്യൂസോ മൊണാസും, ട്രൈക്കോഡർമയും, ബ്യുവേറിയയും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം മിത്ര ബാക്ടീരിയകൾക്കും, മിത്ര കുമിളുകൾക്കും ഇടയിലേക്ക് ഒരു സൂക്ഷ്മജീവി കൂടി കടന്നു വരികയാണ്– മിത്രനിമകൾ. സുരക്ഷിത ജൈവകൃഷി സമ്പ്രദായത്തിലേക്കു ചുവടുവയ്ക്കുന്ന ഈ ഘട്ടത്തിൽ രാസ–കീട–രോഗ നാശിനികൾക്കു ബദൽ എന്ന നിലയിൽ ഉയർന്നുവരുന്ന ഇത്തരം പുതിയ കണ്ടെത്തലുകൾ തീർച്ചയായും നമുക്ക് ഉപകാരപ്രദമാകുക തന്നെ ചെയ്യും.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക – ഡോ.ഗവാസ് രാഗേഷ്, 9495756549

*വടകരപ്പതി കൃഷി ഓഫീസറാണ് ലേഖകൻ*

# “അധികാരങ്ങളും, ഉത്തരവാദിത്വങ്ങളും ഉള്ള സ്വയംഭരണ ഘടകങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറണം.”

പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് “പഞ്ചായത്ത് രാജ് പിന്നിട്ട രണ്ട് പതിറ്റാണ്ടുകൾ-പ്രതീക്ഷയും പ്രസക്തിയും” എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടന്ന സെമിനാറിൽ പ്രധാനമായും ഉരുത്തുരിഞ്ഞു വന്ന ആശയം ഭരണഘടനാ ഭേദഗതിയുടെ യഥാർത്ഥ അന്തസത്ത ഉൾക്കൊണ്ട് കൊണ്ട് വിശാല അർത്ഥത്തിൽ അധികാരങ്ങളും, ഉത്തരവാദിതത്വങ്ങളും നിറവേറ്റുന്ന സ്വയം ഭരണ ഘടകങ്ങളായി മാറുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കഴിയണം എന്നാണ്. സെമിനാർ ഉത്ഘാടനം ചെയ്ത് സംസാരിച്ച കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ കുട്ടി അഹമ്മദ് കുട്ടി ഇത്തരത്തിൽ പഞ്ചായത്തുകൾ മാറിയിട്ടുണ്ടോ എന്നുള്ള പഠനം രണ്ട് പതിറ്റാണ്ടുകൾ പിന്നിട്ട ഈ സാഹചര്യത്തിൽ ആവശ്യമാണ് എന്നു പറഞ്ഞു. കേന്ദ്ര, സംസ്ഥാന സർക്കാരുകളെ പോലെ തന്നെ അധികാരസ്വഭാവമുള്ള മൂന്നാംഘടകമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാറണമെന്നും ഇതിന് വേണ്ടി ഇനിയും ഭരണഘടനാഭേദഗതി വേണമെങ്കിൽ അത് ഉണ്ടാകണമെന്നും സെമിനാറിൽ അദ്ദേഹം ആവശ്യപ്പെട്ടു. ഇത്തരത്തിലുള്ള ആവശ്യം വീരപ്പമൊയ്ലിയുടെ നേതൃത്വത്തിൽ ഉണ്ടാക്കിയിരുന്ന രണ്ടാം അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് കമ്മീഷൻ നിർദ്ദേശിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരള വികസനത്തിന്റെ ആണിക്കല്ലുകളായി മാറുവാൻ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾ കൊണ്ട് പഞ്ചായത്ത് രാജ് സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് എങ്കിലും വികസന ഏജൻസികൾ എന്നതിലുപരി പഞ്ചായത്ത് രാജ് സംവിധാനങ്ങൾ വളരണം എന്നതാണ് ഇനിയുള്ള കാലഘട്ടങ്ങളിൽ സംഭവിക്കേണ്ടത് എന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രാദേശിക സാമ്പ










ത്തിക വളർച്ചയിലൂന്നിയ ആസൂത്രണത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണം എന്നും ഇതിലൂടെ ദാരിദ്ര നിർമ്മാർജ്ജനം, സാമൂഹ്യ നീതി എന്നിവ കൈവരിക്കുവാൻ പഞ്ചായത്ത് രാജ് സംവിധാനങ്ങൾക്ക് കഴിയും എന്നും അദ്ദേഹം പ്രത്യേശിച്ചു.

സെമിനാറിൽ വിഷയം അവതരിപ്പിച്ച് സംസാരിച്ച പ്ലാനിംഗ് ബോർഡ് മെമ്പർ സി.പി. ജോൺ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഇരുപത് വർഷം പിന്നിട്ട പ്രവർത്തനങ്ങൾ സ്വയം വിമർശക രീതിയിൽ പരിശോധിക്കണം എന്നും ഇതിൽ നിന്നും പാഠം ഉൾക്കൊണ്ട് വേണം ഇനിയുള്ള. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണെന്നും ആമുഖമായി പറഞ്ഞു. യഥാർത്ഥ അധികാര വികേന്ദ്രീകരണം സബ്സിഡ്യറി പ്രിൻസിപ്പളിനെ അടിസ്ഥാനമാക്കിയാണ് ഉണ്ടാകേണ്ടത് എന്നത് UNDP യുടെ അധികാരവികേന്ദ്രീകരണ നിർവ്വചനത്തെ ഉദ്ധരിച്ച് കൊണ്ട് അദ്ദേഹം പറഞ്ഞു. അധികാരവികേന്ദ്രീകരണം മെച്ചപ്പെട്ട രീതിയിൽ നടന്നു എങ്കിലും ലെജിസ്ലേറ്റീവ് ഡിസെന്റ്രലൈസേഷനിലേക്ക് എത്തിച്ചേരുവാൻ നമുക്ക് സാധിച്ചില്ല എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. സെന്റർ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ് , കൺകറന്റ് ലിസ്റ്റ് എന്നതു പോലെ ഒരു നാലാം ലിസ്റ്റ് ഉണ്ടാകുന്നത് ലെജിസ്ലേറ്റീവ് ഡിസെന്റ്രലൈസേഷനിലേക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ എത്തിക്കും എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അധികാരവികേന്ദ്രീകരണത്തെപ്പറ്റി ചർച്ച ചെയ്യുമ്പോഴും സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ നിന്നും പൂർണ്ണമായും വിട്ട് മാറുവാൻ നമ്മുടെ പഞ്ചായത്ത് രാജ് സംവിധാനങ്ങൾക്ക് ആയിട്ടില്ല എന്ന് അദ്ദേഹം പറഞ്ഞുവെച്ചു.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഭരണഘടനാ ഭേദഗതിയുടെ അന്തസത്തയെ ഉൾകൊണ്ട് പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കിയിട്ടില്ല എന്നും അദ്ദേഹം സെമിനാറിൽ അഭിപ്രായപ്പെട്ടു. കേരളം, കർണ്ണാടകം പോലുള്ള സംസ്ഥാനങ്ങളിൽ പഞ്ചായത്ത് രാജ് സംവിധാനം വളരെ ശക്തമാണെങ്കിലും മറ്റ് പല സംസ്ഥാനങ്ങളിലെയും സ്ഥിതി ഇത്തരത്തിലല്ല എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളും ഇത്തരത്തിലുള്ള പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കേണ്ടത്









കാലഘട്ടത്തിന്റെ ആവശ്യമാണ് എന്നും അദ്ദേഹം ആവശ്യപ്പെട്ടു.

അടുത്തതായി സി.പി.ജോൺ ചൂണ്ടിക്കാട്ടിയ വിഷയം പഞ്ചായത്തുകളുടെ ആസ്തി രജിസ്ട്രറുകളെ സംബന്ധിച്ചാണ്. കേരളത്തിലെ പഞ്ചായത്തുകൾ എല്ലാ മേഖലകളിലും വളരെയധികം മുന്നേറി ധാരാളം നേട്ടങ്ങളും, പുരോഗതിയും കൈവരിച്ചെങ്കിലും ഇവയുടെ കൃത്യമായ വിവരങ്ങൾ പഞ്ചായകളിൽ ലഭ്യമാണോ എന്ന് പരിശോധിക്കപ്പെടണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇതിന് വേണ്ടി ഒരു "അസ്സറ്റ് ആന്റ് പെർഫോമൻസ് കമ്മീഷൻ" രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അദ്ദേഹം സൂചിപ്പിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തി എന്ത്, പ്രകടനം എങ്ങനെ, ഇനി എങ്ങനെ മുന്നോട്ട് എന്ന് പഠിക്കുവാൻ ഈ കമ്മീഷനെ ചുമതലപ്പെടുത്തണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സോഷ്യൽ കാപ്പിറ്റൽ ഫോർമേഷനിലാണ് ഇനി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്ന് അദ്ദേഹം പറഞ്ഞു. ആസ്തി രജിസ്റ്ററിൽ സോഷ്യൽ ആസ്തി രജിസ്റ്ററും ഉൾപ്പെടണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ഇനി ഉണ്ടാകേണ്ടത് എന്നും ഇവരുടെ ജീവതത്തിലെ കാതലായ മാറ്റമാണ് വരും കാലങ്ങളിൽ പഞ്ചായത്ത് രാജ് സംവിധാനം ലക്ഷ്യം വയ്ക്കേണ്ടത് എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഇന്ന് ലോകം ഉറ്റുനോക്കുന്നത് Micro Development-ൽ ആണ് എന്നും അതു കൊണ്ട് തന്നെ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന നിർണായകവും അളക്കുവാൻ സാധിക്കുന്നതായ പ്രവർത്തനങ്ങൾ ലോകശ്രദ്ധ പിടിച്ചുപറ്റുമെന്നും അദ്ദേഹം സെമിനാറിൽ പങ്കെടുത്ത ജനപ്രതിനിധികളെ ഓർമ്മിപ്പിച്ചു. മാന്യമായും സന്തോഷമായും ജീവിക്കുക എന്നത് സാധാരണക്കാരന്റെ അവകാശമാണ് എന്നും ഇത് സാധിച്ചെടുക്കുവാൻ പഞ്ചായത്ത് രാജ് സംവിധാനങ്ങൾക്ക് കഴിയട്ടെ എന്നും അദ്ദേഹം പ്രത്യാശിച്ചു.

കില മുൻ ഡയറക്ടർ പ്രൊഫ.രമാകാന്തൻ, കെ.എസ്.യു.ഡി.പി ഡയറക്ടർ ആർ.ഗിരിജ, പഞ്ചായത്ത് ഡയറക്ടർ സി.എ. ലത എന്നിവർ സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചു. പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എസ്.ലത കൃതജ്ഞത രേഖപ്പെടുത്തി.





# വീട്ടുമുറ്റത്ത് നീന്തൽകുളം ഒരുക്കി ആയിരങ്ങളെ നീന്തൽ പരിശീലിപ്പിച്ച് ബേബി വർഗീസ്

സംസ്ഥാന-ദേശീയ നീന്തൽ താരമായ വണ്ടമറ്റം വട്ടക്കുന്നേൽ ബേബി വർഗീസ് വീട്ടുമുറ്റത്ത് നീന്തൽ കുളമൊരുക്കി കുട്ടികൾക്കും മുതിർന്നവർക്കും നീന്തൽ പരിശീലനം നൽകി ശ്രദ്ധേയനാകുന്നു. പത്ത് വർഷം മുമ്പാണ് തന്റെ വീട്ടുമുറ്റത്ത് സ്വിമ്മിംഗ് പൂൾ നിർമ്മിച്ച് കുട്ടികൾക്ക് പരിശീലനം ആരംഭിച്ചത്. അതോടൊപ്പം മുതിർന്നവർക്കും പരിശീലന സൗകര്യം ഒരുക്കിയിരുന്നു. 25 മീറ്റർ നീളവും 16 അടി വീതിയും 5 അടി ആഴവുമുണ്ട്. ടൈൽ വിരിച്ച് വൃത്തിയാക്കി സൂക്ഷിക്കുന്ന പൂളിൽ രണ്ട്ലക്ഷം ലിറ്റർ വെള്ളം കൊള്ളും. കുട്ടികൾ, മുതിർന്നവർ ഉൾപ്പെടെ ഏഴായിരത്തോളം ആളുകൾ ഇവിടെ നിന്നും ഇതുവരെ നീന്തൽ പരിശീലിച്ചിട്ടുണ്ട്. മുങ്ങിമരണസംഖ്യ വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ നീന്തൽ പരിശീലനം നൽകുന്നത് താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തിലുപരി വെള്ളത്തിൽ വീണാൽ സ്വയം രക്ഷയ്ക്കുള്ള ഒരു ഉപാധി എന്ന നിലയിലാണ് നീന്തൽ പരിശീലനം കൊണ്ട് ബേബി ലക്ഷ്യമിടുന്നത്. ഓരോ മുങ്ങി മരണവും പത്രങ്ങളിൽ വാർത്തയാകുന്ന സമയത്തൊക്കെ രക്ഷിതാക്കൾ കുട്ടികളുമായി നീന്തൽ പഠിക്കുവാൻ എത്തുന്നുണ്ടെന്ന് ബേബി ചൂണ്ടിക്കാട്ടി. പണ്ടത്തെപ്പോലെ നാട്ടുമ്പുറത്തെ തോടുകളിലും പുഴകളിലും കുളിക്കാൻ പോകുന്ന പതിവുകൾ കുറഞ്ഞുവരുന്നതാണ് മുങ്ങിമരണം വർദ്ധിക്കുവാൻ കാരണമെന്നാണ് ബേബിയുടെ അഭിപ്രായം. ഇന്ന് കുളിമിക്കവാറും കുളിമുറികളിലേക്ക് ഒതുങ്ങിയത് പുതുതലമുറയെ നീന്തൽ വൈദഗ്ദ്ധ്യത്തിൽ നിന്ന് പിന്നോക്കം തള്ളുന്നതിന് കാരണമായിട്ടുണ്ട്. പുഴകളിലേയും തോടുകളിലേയും മലിനീകരണം കുളിക്കാനും നീന്തൽ പഠിക്കാനുമുള്ള സാഹചര്യം തന്നെ നഷ്ടമാക്കിയിട്ടുണ്ട്. നാല് വയസുമുതലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മുതിർന്നവർക്കും ബേബിയുടെ വീട്ടുമുറ്റത്തെ നീന്തൽ കുളത്തിൽ പരിശീലനം നൽകി വരുന്നു. രാവിലെ 6 മുതൽ പരിശീലനം ആരംഭിക്കും. പല ബാച്ചുകളിലായിട്ടാണ് പഠിക്കാനുള്ളവരെ പരിശീലിപ്പിക്കുന്നത്. രാവിലേയും

വൈകുന്നേരവും ജോലി സമയം കഴിഞ്ഞാണ് ബേബി പരിശീലനത്തിനിറങ്ങുന്നത്.



ബേബി വർഗീസ് വട്ടക്കുന്നേൽ തന്റെ വിജയരഥം മുന്നോട്ടു നയിക്കുന്നതിനൊപ്പം സമകാലിക സമൂഹത്തേയും ഒപ്പം കൂട്ടാനുള്ള ശ്രമം അഭംഗുരം തുടരുകയാണ്. കഴിഞ്ഞ 23 വർഷമായി സംസ്ഥാന ദേശീയ സിവിൽ സർവ്വീസ് നീന്തൽ ചാമ്പ്യൻഷിപ്പ് , സംസ്ഥാന ദേശീയ മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പിലേയും സ്ഥിരം ജേതാവായ ബേബി വർഗീസ് തന്റെ വിജയത്തോടൊപ്പം, സമൂഹത്തോടുള്ള ഉത്തരവാദിത്വബോധം, ഈ കായിക താരത്തെ നീന്തൽ പരിശീലനത്തിന് പ്രേരിപ്പിക്കുന്നു.

അഖിലേന്ത്യാ മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പിൽ വെന്നിക്കൊടി പാറിച്ച ബേബി 2008 ഓസ്ട്രേലിയ, 2010 സ്വീഡൻ, 2012 ഇറ്റലി, 2014 കാനഡ തുടങ്ങിയ രാജ്യങ്ങളിൽ നടന്ന അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യതയും നേടിയിരുന്നു.

ജലകേളികളിൽ നിന്നും പുതുതലമുറ സ്വയം പിന്മാറുന്നതും രക്ഷിതാക്കളുടെ അമിത ഉത്കണ്ഠയും കുട്ടികളെ വെള്ളത്തിലിറക്കി സ്വയം നീന്തൽ പഠിപ്പിക്കുന്നതിന് വിഘാതമായിട്ടുണ്ട്. എന്നാൽ നാട്ടിൻപുറങ്ങളിലെ കുട്ടികൾ പോലും ലഭ്യമായ തോടുകളിൽ നിന്നും കുളങ്ങളിൽ നിന്നും ഒഴിവായി കുളിമുറികളിലേക്ക് മാറുന്നതും മുങ്ങിമരണം ഉറപ്പാക്കുന്നു എന്നതാണ് ഇതിനെതിരെയുള്ള ബേബിയുടെ ഒറ്റയാൾ പോരാട്ടം എത്രകണ്ടും പ്രശംസനീയമാണ്.



1993 മുതൽ ഈ രംഗത്തുള്ള ബേബി വർഗീസ് തന്റെ നേട്ടങ്ങൾക്കൊപ്പം നിന്ന് കരുത്തുപകരുന്ന സമൂഹത്തോടുള്ള നിസീമമായ കടപ്പാടാണ് സ്വന്തം നീന്തൽകുളം നിർമ്മിച്ച് പരിശീലനം നൽകുന്നതിലൂടെ കാണാൻ കഴിയുന്നത്.

ഗിറ്റാറിസ്റ്റ് കൂടിയായ ബേബി വർഗീസ് കരാട്ടെയിൽ 5 ഡിഗ്രി ബ്ലാക്ക്ബെൽറ്റ് നേടി പതിനായിരക്കണക്കിന് കുട്ടികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ വീട്ടുമുറ്റത്ത് ഒരുക്കിയിട്ടുള്ള ഷട്ടിൽ കോർട്ടിൽ നാട്ടിലെ യുവാക്കൾ പരിശീലനം തേടിവരുന്നു. ഇപ്പോൾ ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ബേബി വർഗീസ് വണ്ടമറ്റത്ത് വട്ടക്കുന്നേൽ വീട്ടിൽ ഭാര്യ മിനിയോടും മക്കളായ അലൻ, ആൽഡ്രിനോടും ഒപ്പം താമസിച്ചുവരുന്നു.

ഇടുക്കി ജില്ലാ അക്വാറ്റിക് അസോസിയേഷൻ സെക്രട്ടറി, സംസ്ഥാന അക്വാറ്റിക് അസോസിയേഷൻ വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിലും പ്രവർത്തിച്ചുവരുന്നു.

# വാർത്തകളും വിശേഷങ്ങളും

**തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവ് വിളക്കുകളും, അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനുള്ള അനുമതി ഒരു വർഷത്തേക്ക് കൂടി പുതുക്കി നൽകി ഉത്തരവായി.**

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവ് വിളക്കുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും വിതരണവും പരിപാലനവും സംബന്ധിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസിനുള്ള അനുമതി എ.എം.സി. കൂടി ഏറ്റെടുക്കണം എന്ന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് കൂടി പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം.827/2016/തസ്വഭവ, തീയതി : 25.02.2016.

**മഹിളാപ്രധാൻ ഏജന്റ്മാരെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കി.**

മഹിളാപ്രധാൻ ഏജന്റുമാർ സ്ഥിരവരുമാനക്കാർ അല്ലാത്തതിനാൽ അവരെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കണം എന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച്, പഞ്ചായത്ത് രാജ് ആക്ട് 207(2)/മുൻസിപ്പാലിറ്റി ആക്ട് 281(2) എന്നീ വകുപ്പുകൾ പ്രകാരം മഹിളാപ്രധാൻ ഏജന്റുമാരെ തൊഴിൽ നികുതി അടക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം.874/2016/തസ്വഭവ, തീയതി 26.02.2016.

**എയ്ഡ്സ് ബാധിതരായ കുട്ടികളുടെ പുനരധിവാസത്തിന് ഗ്ലോബൽ കേരളാ ഇനിഷ്യേറ്റീവ് കേരളീയം നടപ്പാക്കുന്ന പദ്ധതികളുടെ ധനശേഖരണാർത്ഥം എയ്ഡ്സ് ബോധവൽക്കരണ സ്റ്റാമ്പുകൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി.**

എച്ച്.ഐ.വി. ബാധിതരായ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും, ആശ്വാസമെത്തിക്കുന്നതിനുമായി പ്രവർത്തിക്കുന്ന സംഘടനയാണ് ഗ്ലോബൽ കേരള ഇനിഷ്യേറ്റീവ് കേരളീയം. 23.08.2011 ലെ 1996/2011 നമ്പർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് കൂടി പങ്കാളിത്തമുള്ള സൗജന്യ ചികിത്സാ ക്യാമ്പ്/ ചികിത്സാ പദ്ധതികൾ തുടങ്ങിയവയ്ക്കായി മാറ്റി വച്ചിട്ടുള്ള ഫണ്ടിൽ നിന്നോ, തനത് ഫണ്ടിൽ നിന്നോ 20,000/- രൂപയിൽ കുറയാത്ത തുകയ്ക്കുള്ള എയ്ഡ്സ് ബോധവൽക്കരണ സ്റ്റാമ്പുകൾ വാങ്ങി കേരളീയത്തിന്റെ എച്ച്.ഐ.വി. പുനരധിവാസ പദ്ധതിയെ സഹായിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം.883/2016/തസ്വഭവ, തീയതി 27.02.2016.

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പുതുതായി രൂപീകരിച്ച നഗരസഭകളിൽ നടപ്പാക്കുന്നതിന് അനുമതി.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീൺ തൊഴിലുറപ്പ് പദ്ധതി മാതൃകയിൽ നഗരസഭകളിൽ നടപ്പിലാക്കി വരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ 01.01.2016 മുതൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(കൈ)42/16/തസ്വഭവ, തീയതി 27.02.2016.

**പഴശ്ശി ചാരിറ്റബിൾ സൊസൈറ്റിക്ക് കെട്ടിട നിർമ്മാണങ്ങൾക്കും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും നഗരസഭകളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ്.**

വയനാട് ജില്ലയിൽ ആദിവാസികൾക്ക് ഇടയിൽ പ്രവർത്തിക്കുന്ന പഴശ്ശി എന്ന ചാരിറ്റബിൾ സൊസൈറ്റി രൂപീകരിക്കുന്ന ആദിവാസികളുടെ ട്രൈബൽ വില്ലേജിന്റെ കെട്ടിട നിർമ്മാണങ്ങൾക്കും, മറ്റ് അനുബന്ധ ചെലവുകൾക്കും, നഗരസഭകൾ അവരുടെ ഭരണസമിതി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും പരമാവധി ഒരു ലക്ഷം രൂപ വരെ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായി. സ.ഉ.(സാധാ)നം.984/2016/തസ്വഭവ, തീയതി 01.03.2016.

**വാർദ്ധക്യകാല പെൻഷൻ വർദ്ധിപ്പിച്ച് ഉത്തരവ്.**

75 വയസ് കഴിഞ്ഞ വൃദ്ധജനങ്ങൾക്ക് വാർദ്ധക്യകാല പെൻഷൻ 1500/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് ഇറങ്ങി. വർദ്ധനവിന് 01.04.2016 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. സ.ഉ.(എം.എസ്.)നം.24/2016/സ.നീ.വ, തീയതി 01.03.2016.

**ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി.**

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ താത്ക്കാലികമായി ജോലി ചെയ്ത് വരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി 31.03.2016 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തനതു

ഫണ്ടിൽ നിന്നും ടിയാളുകളുടെ ഓണറേറിയം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ. (സാധാ)നം.1108/2016/തസ്വഭവ, തീയതി 03.03.2016.

## 2016-17 ലെ പദ്ധതി സംബന്ധിച്ച മാർഗരേഖയിൽ ഭേദഗതി

സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2016-17 പദ്ധതി മാർഗരേഖയിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു.

(1) സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.4 (ബി) ക്രമനമ്പർ 8-ലെ മത്സ്യബന്ധനത്തിനുള്ള മാനദണ്ഡങ്ങളിൽ വല, ഗിൽനെറ്റ് എന്ന ഇനത്തിലെ പട്ടികജാതി-പട്ടികവർക്ഷ വിഭാഗം എന്ന വാക്കുകൾ ഒഴിവാക്കുന്നു.

(2) ഖണ്ഡിക 3.1 ലെ ക്രമനമ്പർ (6) ൽ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ഒരു ഏക്കറിന് 6,000/- രൂപ എന്നത് ഒരു ഹെക്ടറിന് 6,000/- രൂപ എന്ന ഭേദഗതി വരുത്തുന്നു.

(3) സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2 ലെ ക്രമനമ്പർ 1 കറവയുള്ള പശു/എരുമ എന്നയിനത്തിൽ ഗ്രൂപ്പുകൾക്കുള്ള സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 50% ( 20000 രൂപ) എന്നത് 50% (പരമാവധി 2 ലക്ഷം രൂപ) എന്ന് ഭേദഗതി വരുത്തുന്നു.
സ.ഉ (സാധാ). നം. 1024/2016 തസ്വഭവ. തീയതി, 2.3.2016

## വി.ഇ.ഒ. മാരെ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തി.

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ഭിന്ന ശേഷിയുള്ളവർക്ക് തടസ്സ രഹിത ഭവന നിർമ്മാണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത ഭവന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി വി.ഇ.ഒ. മാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ. (സാധാ) നം. 1025/16/തസ്വഭവ. 2/3/16

## വേതന നിരക്ക് വർദ്ധിപ്പിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാനത്തിലും ത്രിതല പഞ്ചായത്തീരാജ് തലത്തിലും പ്രവർത്തിക്കുന്ന ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക്, കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന ഭരണ ചെലവുകൾക്ക് അനുവദനീയമായ പരിധിയിൽ നിന്നും അധികരിക്കുവാൻ പാടില്ലാ എന്ന നിബന്ധനയോടെ നിലവിൽ നൽകുന്ന വേതന നിരക്ക് 10% വർദ്ധിപ്പിച്ച് കേന്ദ്രസർക്കാർ നൽകുന്ന പദ്ധതി തുകയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

| ക്രമനം. | തസ്തിക | നിലവിലെ വേതനം | പുതുക്കിയ വേതനം |
|---|---|---|---|
| 1. | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 12000/- | 13,200/- |
| 2. | അക്രഡിറ്റഡ് എഞ്ചിനീയർ (ഓവർസിയർ) | 12000/- | 13200/- |
| 3. | അക്രഡിറ്റഡ് എഞ്ചിനീയർ (അസി. എഞ്ചിനീയർ) | 15000/- | 16500/- |
| 4. | ഐ.റ്റി. പ്രഫഷണൽ ( ജില്ല) | 17000/- | 18700/- |
| 5. | ഐ.റ്റി. പ്രഫഷണൽ (സംസ്ഥാനം) | 20,000/- | 22000/- |

സ.ഉ. (കൈ) 48/2016 തസ്വഭവ. തീയതി, 3.3.2016

## സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവായി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ത്രിതല പഞ്ചായത്ത് തലത്തിലും, സംസ്ഥാന തലത്തിലും കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഐ.റ്റി. പ്രൊഫഷണൽ എന്നീ ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷമെന്നത് രണ്ടുവർഷമായി ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവായി

സ.ഉ. (കൈ) 47/16 ത.സ്വ.ഭ.വ തീയതി, 3.3.16

### ജനറൽ പർപ്പസ് ഗ്രാന്റ് തുകയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി.

സർവ്വീസിൽ നിന്നും വിരമിക്കുന്ന നഗരസഭാ ജീവനക്കാരുടെ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് ഇതിലേയ്ക്കാവശ്യമായ അധിക ഫണ്ട് അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ നഗരസഭയ്ക്ക് നൽകുന്ന ജനറൽ പർപ്പസ് ഗ്രാന്റ് തുകയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ. (എം.എസ്) നം.49/16 തസ്വഭവ. തീയതി, 04.03.16

### ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു.

പട്ടിക ജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണ, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്നിവയ്ക്കായി പട്ടിക വർഗ്ഗ വകുപ്പുകൾ നിശ്ചയിക്കുന്ന ധനസഹായ നിരക്ക് 20/01/16 മുതൽ അവലംബിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിരുന്നു. ടി ഉത്തരവിലെ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർവ്വഹണത്തിന് സ്ഥലം വാങ്ങുന്നതിനുള്ള തുക നിശ്ചയിക്കുന്നത് സംബന്ധിച്ച് പട്ടികജാതി/പട്ടികവർക്ഷ വകുപ്പിൽ നിലവിലുള്ള രീതി ബാധകമായി ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ. (സാധാ) നം. 12000/16 തസ്വഭവ തീയതി, 4.3.16

### സാനിട്ടറി ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ചു.

മലിനീകരണ പ്രശ്നങ്ങൾ രൂക്ഷമായതും, നഗര സ്വഭാവമുള്ളതുമായ പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി, കോന്നി ഗ്രാമപഞ്ചായത്തുകളിൽ ഓരോ സാനിട്ടറി ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ. (കൈ) നം. 50/2016 തസ്വഭവ. തിയതി 4.03.16

### ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി.

ഇൻഫർമേഷൻ കേരള മിഷനിലെ (IKM) മാനവശേഷിയും, സാങ്കേതികതയും ഉപയോഗപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളുടേയും, അനുബന്ധ സ്ഥാപനങ്ങളുടേയും കമ്പ്യൂട്ടർ, ഇലക്ട്രോണിക് അധിഷ്ഠിത ഉപകരണങ്ങളുടെ പർച്ചേസും, ഇൻസ്റ്റലേഷൻ, റിപ്പയറിംഗ്, ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് എന്നിവയ്ക്ക് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി ഉത്തരവായി.

സ.ഉ (സാധാ) നം. 1278/2016 തസ്വഭവ തീയതി, 18.3.2016


### ഐ.കെ.എം ന്റെ പ്രവർത്തന ഫണ്ട് തീയതി വെക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി.

സംസ്ഥാന തല കോർപ്പറേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകളും, മുൻസിപ്പാലിറ്റികളും, കോർപ്പറേഷനുകളും, അവയ്ക്കു ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% വും ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും പ്ലാൻ ഫണ്ടിന്റെ 0.1% വും നിർബന്ധമായും ഐ.കെ.എം ന്റെ പ്രവർത്തനത്തിനുവേണ്ടി മാറ്റി വയ്ക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ. (സാധാ) നം. 1228/2016/തസ്വഭവ തീയതി, 8.3.2016.

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **April 2016**
Annual Subscription ₹120/-, Published on 20th
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to Post without Prepayment No. KL/TV(N) WPP-85/2015-17



KGL

# കേരള ഗ്രാമജ്യോതി ലൈറ്റിങ്ങ്

## ഏതാനും ദിവസങ്ങൾക്കകം പ്രവർത്തനം ആരംഭിക്കുന്നു....




തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൂതനവും ഗുണമേന്മയേറിയതുമായ തെരുവ് വിളക്കുകളും മറ്റു അനുബന്ധ ഉപകരണങ്ങളും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച സ്ഥാപനം

**PUBLIC PRIVATE PARTNERSHIP INITIATIVE OF LSGD, GOVT. OF KERALA.**

Tel : 0499 4 241011, 0499 4 241121
Mob : +91 9446 382198
Email : info@keralagramajyothy.com

MP1/378A, Kinfra Small Industries
Maipady Post, Kasaragod, Kerala - 671 124
Web : www.keralagramajyothy.com

Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS